# ആത്മപോഷിണി

| പുസ്തകം ൭. | ൧൦൯൨ മീനം | ലക്കം ൧൨. |
| --- | --- | --- |

## മംഗളം.

കാളീശൂലത്തിനാൽ ജിഹ്വാഗ്ര
താളീപത്രാപ്പിതാക്ഷരൻ,
കാളിദാസകവിശ്രേഷ്ഠൻ
മൂളട്ടേ കവിതാഗതി

—മൂലൂർ എസ്. പത്മനാഭപ്പണിക്കർ.

## ബാബു രവീന്ദ്രനാഥടാഗോറുടെ കവിത.

## II

രവീന്ദ്രനാഥടാഗോർ 1861-ൽ കൽക്കത്താനഗരിയിൽ ജനിച്ചു. അക്കാലത്തുള്ള സുപ്രസിദ്ധന്മാരായ മാന്യന്മാരുടെ ഇടയിൽ ഒരാളായിരുന്ന മഹർഷിദേവേന്ദ്രനാഥടാഗോറാണ് അദ്ദേഹത്തിൻെറ അച്ഛൻ. രവീന്ദ്രനു വിദ്യാപതിയുടെ കവിതകളിൽ അസാമാന്യമായ ബഹുമാനവും പ്രതിപത്തിയുമുണ്ടായിരുന്നു; തൻെറ ആദ്യകാലത്തെ കവിതകളെല്ലാം വംഗീയപദാവലിയെ അനുകരിച്ചെഴുതപ്പെട്ടവയാണെന്നു നമ്മുടെ കവിതന്നെ അദ്ദേഹത്തിൻെറ 'ജീവകാലസ്മൃതി'യിൽ പറഞ്ഞുകാണുന്നു. പതിനെട്ടാം വയസ്സിൽ 'പ്രഭാതസംഗീതം' എന്നും 'സന്ധ്യാസംഗീത'മെന്നും പേരായ രണ്ടു കവിതാപരമ്പര അദ്ദേഹം പ്രസിദ്ധീകരിച്ചു.

സാഹിത്യലോകത്തിൽ പരിചയിക്കുക എന്നത് അതോടുകൂടി അദ്ദേഹം അവസാനിപ്പിച്ചതായി വിചാരിക്കേണ്ടിയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിൻെറ പിന്നത്തെ കൃതി ഏററവും മേലേക്കിടയിലുള്ളവയിൽ പെട്ട ഒന്നാണ്. ആ 'വേണുസിംഹൻ' എന്ന പുസ്തകത്തിൽ രാസക്രീഡയെ അദ്വിതീയമായ ഭാവനാശക്തിയുപയോഗിച്ച് അദ്ദേഹം ഒന്നുടച്ചുവാർത്തു കാണിച്ചിരിക്കുന്നു; തൽപുസ്തകപ്ര

സിദ്ധീകരണത്തോടുകൂടി രവീന്ദ്രനാഥൻ വെൎണ്ണകവിശ്രേഷ്ഠന്മാരുടെ കൂട്ടത്തിൽ സ്ഥലം പിടിച്ചുകഴിഞ്ഞു.

ഒരു പുഷ്പത്തെ പുഷ്പത്തിൻെറ നിലയിലും ഒരു മേഘശകലത്തെ മേഘശകലത്തിൻെറ നിലയിലുമായി കണ്ടതുകൊണ്ടു മാത്രം ആഹ്ലാദമുണ്ടാകുന്ന ചെറുപ്പകാലത്തിൽ ഉണ്ടാക്കിയിട്ടുള്ളതാണ് 'ഗാർഡനർ'. ഈ കാലത്തു യുവാവായ രവീന്ദ്രൻ അനവധി ചെറുകഥകളും നോവലുകളും നാടകങ്ങളും ഗാനങ്ങളും നിൎമ്മിച്ചിട്ടുണ്ട്. എന്നാൽ കുറെക്കൂടി വയസ്സുചെന്ന് ഈശ്വരനിൽ കുറെക്കൂടി ആഴത്തിലുള്ള ഭക്തിയുണ്ടായതിന്നു ശേഷമാണ് അദ്ദേഹത്തിൻെറ പ്രധാനങ്ങളും കഴമ്പേറിയവയുമായ ഗ്രന്ഥങ്ങളുടെ ആവിൎഭാവം. അദ്ദേഹത്തിൻെറ മുഖ്യകൃതി 'ഗീതാഞ്ജലി' തന്നെ; ജയദേവനും വിദ്യാപതിയും മുൻകാലങ്ങളിൽ എഴുതിക്കാണിച്ചിട്ടുള്ളതിനെ — അതെ, ചിന്താതീതമായ ആ ആനന്ദസ്വരൂപത്തെ തിരഞ്ഞുകാണുവാനുള്ള മനുഷ്യാത്മാവിൻെറ പ്രയത്നത്തെ — അതിൽ അദ്ദേഹവും കാണിച്ചിരിക്കുന്നു;

രവീന്ദ്രനാഥടാഗോർ അനവധി ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ളാളാണ്. ബംഗാളിൽ വെച്ച് ഏററവും വലിയ നാടകകൎത്താവും, മേലേക്കിടയിലുള്ള ഗാനകാരനും, ഏററവും മീതെ നില്ക്കുന്ന ഉപദേഷ്ടാവും അദ്ദേഹമാകുന്നു. അദ്ദേഹത്തിൻെറ മിക്ക കൃതികളും ഇംഗ്ലീഷിലെയ്ക്കു തൎജ്ജമ ചെയ്തിട്ടുണ്ട്. 'ഗീതാഞ്ജലി', 'ഗാർഡനർ', 'ചന്ദ്രക്കല' എന്നിവയ്ക്കു പുറമെ, അദ്ദേഹമുണ്ടാക്കിയിട്ടുള്ള 'ചിത്ര', 'തപാലാപ്പീസ്' മുതലായ ചില നാടകങ്ങളും നമുക്കിപ്പോൾ ഇംഗ്ലീഷിൽ വായിക്കാവുന്നതാണ്; എന്നല്ല, അദ്ദേഹമെഴുതിയിട്ടുള്ള പലേ ചെറുകൃതികളും 'മോഡേൺ റിവ്യൂ' മാസികയിൽ ചേൎത്തുകഴിഞ്ഞിരിക്കുന്നു.

ഈ "പൌരസ്ത്യദീപ"ത്തെ യൂറോപ്പിന്നു മുമ്പിൽ തെളിയിച്ചുകാണിച്ചതു ഗീതാഞ്ജലിയാണ്. അതവിടെ ഒരു വലിയ ക്ഷോഭമുണ്ടാക്കിത്തീൎത്തു; അതിൻെറ കൎത്താവ് ഇന്നു ലോകത്തിലുള്ള കവികളിൽ വെച്ച് ഒന്നാമനാണെന്നു ഗ്രെയററ്ബ്രിട്ടനിൽ ശ്രുതി കേട്ടു. സാഹിത്യത്തെ സംബന്ധിച്ചുള്ള സമ്മാനം 1914-ൽ അദ്ദേഹത്തിന്നു കിട്ടി; എന്നല്ല ഈ രാജ്യക്കാരും അന്യരാജ്യക്കാരും അദ്ദേഹത്തെ ബഹുമതികളെക്കൊണ്ടു മൂടി. ഏഷ്യയിലെ കവിസാൎവ്വഭൌമനെന്നു ലോർഡ് ഹാർഡിഞ്ച് അദ്ദേഹത്തെ പുകഴ്ത്തി; ചക്രവൎത്തി സർ എന്ന ബഹുമതിയും അദ്ദേഹത്തിന്നു കല്പിച്ചുകൊടുത്തു.

ഗീതാഞ്ജലിയ്ക്കു പിന്നാലെയായി മററു പുസ്തകങ്ങളും ഉടനുടൻ പുറത്തു വന്നു. ഗാർഡനറും ചന്ദ്രക്കലയും കവിഹൃദയത്തിൻെറ മയമുള്ള ഭാഗങ്ങളെ വെളിപ്പെടുത്തി. ലോകത്തിലുള്ള കവിശ്രേഷ്ഠന്മാരുടെ ഇടയിൽ തനിക്കുള്ള പദവി ഉറച്ചുകഴിഞ്ഞു; ഗാൽസ്വൎത്തിക്കും ഹാപ്ററ്മാനും ഉള്ളതിൽ ഒട്ടും താഴെയല്ലാത്തതാണ് രവീന്ദ്രൻെറയും നാടകനിൎമ്മാണസാമൎത്ഥ്യമെന്നു തെളിഞ്ഞു; വൎണ്ണനാസാമൎത്ഥ്യംകൊണ്ട്, ഈററ്സിൻെറയും വെർഹേൺൻെറയും ഇടയിൽ അദ്ദേഹം പോരെടുത്തു; ജോൎജ്ജ് റസ്സലി (എ. ഇ.) നാവട്ടെ മെയിറർലിംഗിന്നാവട്ടെ ഉള്ളതിൽ ഒട്ടും കുറഞ്ഞതല്ല ടാഗോറിൻെറയും കല്പനാനൈപുണ്യമെന്നു

പ്രസിദ്ധമായി.

ഇത്രയും വലിയ ഒരു കവിയുടെ മാഹാത്മ്യത്തെ ഈ ലേഖനംകൊണ്ടു തുലനം ചെയ്തുകാണിക്കുക എന്നത് ഏതാണ്ട് അസാദ്ധ്യംതന്നെ. എന്നാൽ മററുകവികളുടെ കാൎയ്യത്തിലെന്നപോലെ തന്നെ ഇവിടേയും ഒന്നു ചോദിപ്പാനുള്ളത് ഇതാണ്: ഇദ്ദേഹത്തിൻെറ വൈശിഷ്ട്യം എന്തിലാണ്?

## III

രവീന്ദ്രനുള്ള വൈശിഷ്ട്യം എന്തിലാണ്? ഇത്രയും ഉത്തമങ്ങളായ കൃതികളുണ്ടെന്നു പേരു വരുവാൻ ഗാൎഡനർ ചന്ദ്രക്കല ഗീതാഞ്ജലി എന്നീ പുസ്തകങ്ങൾക്കുള്ള പ്രത്യേക മാഹാത്മ്യം എന്താണ്?

വൈഷ്ണവന്മാരുടെ കൃതികളിൽ കാണുന്ന ആ ഒരു പ്രത്യേകഗുണമാണ് ഗീതാഞ്ജലിക്ക് ഇംഗ്ലണ്ടുരാജ്യത്ത് ഇത്രയും അസാധാരണമായ പ്രസിദ്ധിയുണ്ടാക്കിയതെന്നാണ് ഞാൻ പറയുക. അവ ഭക്തിരസപ്രധാനങ്ങളാണ്; ഗഹനങ്ങളാണ്; കീൎത്തനങ്ങളാണ്. ഈ മൂന്നു ഗുണങ്ങളും ഒരുമിച്ചുകൂടിയുള്ള കവിതകൾ ബ്ലൈക്കിന്നിപ്പുറം ഇംഗ്ലണ്ടിൽ കണ്ടിട്ടില്ല. അതുകൊണ്ട് ആ ഒരു കുറവു ഗീതാഞ്ജലി തീൎത്തു. അതു യൂറോപ്പുകാരുടെ ഹൃദയത്തിൽ പതിഞ്ഞു. യൂറോപ്പിലെ മതം മനസ്സിനെ ആകൎഷിക്കുന്നതു മാത്രമായിട്ടാണ് ഇപ്പോഴത്തെ നില. അതു ഹൃദയത്തെ ബാധിക്കുന്നില്ല. ബ്ലൈക്ക് ഒരു പ്രത്യേകതരക്കാരനായിരുന്നു. അദ്ദേഹത്തിൻെറ അനശ്വരകവിത ഹൃദയത്തെ സ്പൎശിക്കുന്നതായിരുന്നു; പക്ഷെ വളരെ കുറച്ചുപേർ മാത്രമേ അതു മനസ്സിലാക്കിയിരുന്നുള്ളു. അതിനാൽ ഗീതാഞ്ജലി യൂറൊപ്പുകാരുടെ മുമ്പിൽ ഒരു പ്രത്യേകലോകത്തെ തുറന്നു കാട്ടിക്കൊടുത്തു.

കീൎത്തനരൂപത്തിലുള്ള കവിതകൾ മാററമില്ലാത്തതായ മനുഷ്യപ്രകൃതിയെ തുറന്നുകാണിച്ചു പുതിയ വികാരത്തെ ഇളക്കിത്തീൎക്കുന്നു. "കിം ശീതളൈഃ ക്ലമവിനോദിഭിഃ" മുതലായവയിൽ കാളിദാസൻ പറഞ്ഞിട്ടുള്ളതിനെ എത്രയോ എത്രയോ പേർ ദിവസേന മനസ്സുകൊണ്ടാവൎത്തിക്കുന്നുണ്ട്. എങ്കിലും ആ കവിസാൎവ്വഭൌമൻ എഴുതിയിട്ടുള്ള അനശ്വരങ്ങളായ വരികൾ വായിക്കുമ്പോൾ ഒരു പുതിയ വികാരം പെട്ടന്നുണ്ടായിത്തീരാത്ത മനുഷ്യരുണ്ടോ? വികാരങ്ങൾ ഒന്നും പുതുതായിട്ടില്ല. ദൈവത്തോടു മനുഷ്യമനസ്സിനുള്ള ഭക്തിവിശേഷത്തെ സംബന്ധിച്ചേടത്തോളം പ്രത്യേകിച്ചും. ആദ്യകാലത്ത് ഓം എന്ന അക്ഷരം ഉച്ചരിക്കപ്പെട്ടപ്പോഴത്തേതിൽനിന്നു പുതുതായി മനുഷ്യൻ ഇതേവരെയായി യാതൊന്നും ആ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മഹാകവികൾ ആ പഴയ കഥകൾതന്നെ പറഞ്ഞു പുതിയ വികാരങ്ങൾ ഇളക്കിത്തീൎക്കുകയാണ് ചെയ്യുന്നത്. ഇതു സാധിക്കുന്നത്, എപ്പോഴും മുമ്പോട്ടു പോയിക്കൊണ്ടിരിക്കുന്നു എങ്കിലും മനുഷ്യസമുദായം എപ്പോഴും യൌവനത്തിൽതന്നെ നിലനിൽക്കുന്നതുകൊണ്ടാണ്.

ഗീതാഞ്ജലി എത്രയും വികാരജനകമായ കീൎത്തനരൂപത്തിലുള്ള ഒരു കവിതയാണ്. ഷെല്ലിയാണോ എഴുതിയിരിക്കുന്നതെ

ന്നു തോന്നുമാറു ശൃംഗാരരസപൂർണ്ണമാണ് അതിലെ പല ഭാഗവും. ആ പുസ്തകം ആദ്യമായി എടുത്തു വായിക്കുമ്പോൾ അതിൽ എത്ര ചെറിയ ശൃംഗാരത്തേയും എത്ര വലിയ ഭക്തിയേയും വിവരിക്കുന്ന ഭാഗം മനസ്സിലാക്കുവാൻ ഞെരുക്കമുണ്ട്. വൈഷ്ണവകവിത വായിച്ചു പഠിച്ചിട്ടുള്ളവർ ഗീതാഞ്ജലിയുടെ പലഭാഗം വായിക്കുമ്പോഴും, "ഇതു ഭക്തിപരമാണെന്നു തോന്നിക്കുന്ന ശൃംഗാരകവിതയോ അതോ ദിവ്യമായ ഈശ്വരഭക്തിയെ അനുരാഗസ്വരൂപത്തിൽ കാണിക്കുന്ന ഒന്നോ" എന്നു ചോദിച്ചുപോകും. ഒരു കാമുകകവിയുടെ, മനുഷ്യഹൃദയത്തിന്നു യോജിച്ച ഭാഷയിൽ ഈശ്വരനോടുള്ള ഭക്തിയെ പറയുന്ന ഒരു ഭക്തകവിയുടെ, വിചാരങ്ങളാണ് ഗീതാഞ്ജലി. ഈ വൈശിഷ്ട്യമാണ് പാശ്ചാത്യന്മാരെ ഇത്രയും ഉളകിത്തീർത്തത്. ഗീതാഞ്ജലിയുടെ മാഹാത്മ്യവും ഇതു തന്നെയാണ്. എല്ലാവരും വായിച്ചിരിക്കാവുന്ന ഒരു പുസ്തകമായതുകൊണ്ട് അതിൽനിന്നു ചില ഭാഗങ്ങൾ വേറെയെടുത്തു കാണിക്കേണ്ട ആവശ്യമില്ല.

ഗീതാഞ്ജലി സ്നേഹമാഹാത്മ്യത്തെ വാഴ്ത്തുന്നു. അമ്മയ്ക്കു മകനോടുള്ള ദിവ്യവും പരിശുദ്ധവുമായ സ്നേഹം— അതേ, യശോദക്കു കൃഷ്ണനോടുള്ളതായി വൈഷ്ണവന്മാർ വിചാരിക്കുന്ന ആ അസാമാന്യമായ പുത്രവാത്സല്യം— നമ്മുടെ ഒരു കവി തന്നെ,

"മണ്ണു തിന്നു മകനെന്നു കേട്ടിട്ടമ്മ കോപിച്ചപ്പോൾ
ഉണ്ണിക്കൃഷ്ണൻ വാ പിളർന്നിട്ടുലകീരേഴും (ലോ
കണ്ണിൽ കാട്ടി, മായകൊണ്ടു മോഹിപ്പിച്ചിട്ടിച്ഛപോ
കണ്ണൻ കെട്ടിക്കേറിക്കൊണ്ടു മുലകുടിച്ചു"

എന്നു പാടിയിരിക്കുന്ന ആ മനോവൃത്തിയാണ് ഗീതാഞ്ജലിയിലെ പ്രത്യേക ഗുണം. അതിൽ കാണുന്ന വാത്സല്യസ്വഭാവം സ്ത്രീജനോചിതമാണ്. കൃഷ്ണഭക്തന്മാർക്ക് മാത്രം പറയാവുന്നവിധം, അത്രയും അനിർവ്വചനീയമായ മാധുര്യത്തോടുകൂടിയതാണ് ആ ഗ്രന്ഥം. ചെറുപ്പക്കാരെ സംബന്ധിച്ചേടത്തോളം അധികം ആളുകൾ ഇഷ്ടപ്പെട്ടിട്ടുള്ള ടാഗോർകൃതി ഗാർഡ്നറാണ്. അദ്ദേഹംതന്നെ പറഞ്ഞുകാണുന്നവിധം, അതു ജീവിതത്തേയും അനുരാഗത്തേയും വിവരിക്കുന്ന ഒന്നാണ്. രവീന്ദ്രൻ ബംഗാളികളുടെ ഒരു കണ്ണിലുണ്ണിയായിരുന്ന കാലത്തെഴുതിയിട്ടുള്ളതാണ് ആ പുസ്തകം. അതിലെ മധുരതരങ്ങളായ ഗാനങ്ങൾ പാടാത്ത കാമുകന്മാർ ബംഗാളിലില്ല. ഇന്ത്യയുടെ അണ്ടർ സിക്രട്ടറിയായിരുന്ന കാലത്തു ബംഗാളിൽ സഞ്ചരിക്കുമ്പോൾ സാധുക്കൾ പാടിയിട്ടാണ് അതിലെ പാട്ടുകൾതാൻ ഒന്നാമതായി കേട്ടിട്ടുള്ളതെന്നു മിസ്റ്റർ മൊൺടെയിഗ് പറയുന്നു. അതിലുള്ള ഗാനങ്ങളുടെ പ്രചാരം ഇന്നവിധമെന്നു മലയാളികളെ പറഞ്ഞറിയിക്കാൻ പ്രയാസം. "കണ്ടാലെത്രയും കൌതുകമുണ്ടിതിനെ പണ്ടു കണ്ടിട്ടുമില്ലേവം കേട്ടിട്ടുമില്ല" എന്നിങ്ങിനെയുള്ള ചില പാട്ടുകൾക്കു മലയാളത്തിലുള്ള പ്രചാരം വായനക്കാർ ഈ സന്ദർഭത്തിൽ ആലോചിച്ചാൽ നന്ന്. (തുടരും)

ഓക്സ്ഫോർഡ്.

—ചാലയിൽ മാധവപ്പണിക്കർ

# സംസ്കൃതസാഹിത്യത്തിന്റെ ശാസ്ത്രീയപരിഷ്കാരം.

ഒരു രാജ്യത്തിന്റെ പരിഷ്കൃതസ്ഥിതിക്ക് അവിടെയുള്ള ഭർത്തൃഭരണീയശക്തികളുടെ ഗതിസ്വഭാവങ്ങൾക്കു നിയമങ്ങളാൽ ഒരു വ്യവസ്ഥ വരുത്തേണ്ടത് അത്യാവശ്യമാകുന്നു. ഭരണവിഷയത്തിൽ വ്യവസ്ഥാവിഹീനമായ രാജ്യം ലോകത്തിൽ ഒരിക്കലും പരിഷ്കൃതാവസ്ഥയെ പ്രാപിക്കുന്നതല്ല. നാം ഇവിടെ രാജ്യഭരണാദിസ്ഥിതികളിൽ നിയമങ്ങൾ എത്രമാത്രം ആവശ്യങ്ങളായി വിചാരിക്കുന്നുവോ, അതുപോലെതന്നെ സാഹിത്യലോകത്തിലും അവ ആവശ്യമുള്ളവയാകുന്നു. സാഹിത്യവും ഒരു ലോകം തന്നെയാണ്. അവിടെയുള്ള പ്രജകൾ കാവ്യനാടകചമ്പൂപ്രഹസനസന്ദേശഭാണാദി വിവിധജാതികളിൽ ജനിച്ചിട്ടുള്ള കൃതികളും, ഭരണകർത്താക്കന്മാർ കാവ്യകാരന്മാരും ആണെന്നുള്ള വ്യത്യാസമേയുള്ളു. ഈ ലോകത്തിലെ കൃതിമയികളായ പ്രജകളുടെ രചനാദികളിലും മറ്റും ചെയ്തിരിക്കുന്ന നിയമങ്ങളുടെ സംഘാതമാകുന്നു സാഹിത്യശാസ്ത്രം. ഇവിടെയും കൃത്യാകൃത്യങ്ങളിൽ ശാസിക്കുകയാണ് ശാസ്ത്രങ്ങൾ ചെയ്യുന്നത്. ഒരു രാജ്യത്തിൽ പല തുറകളും അവയുടെയെല്ലാം ഭരണസ്വഭാവത്തിനു പ്രത്യേകം നിയമങ്ങളും ഉള്ളതുപോലെ, സാഹിത്യലോകത്തിലുമുണ്ട്. എത്രഭേദങ്ങളായ നിയമങ്ങളുടെ ദൃഢതയിലും വൈഭവത്തിലുമാണ് ഒരു സാഹിത്യത്തിന്റെ വൈശിഷ്ട്യവും പരിഷ്കാരവും സ്ഥിതിചെയ്യുന്നത്, ഭർത്തൃഭരണീയശക്തിസ്വഭാവത്തിനു നിയമശാസനകളാൽ പരിഷ്കാരം വരുത്തിയിട്ടില്ലാത്ത ഒരു രാജ്യത്തിൽ പ്രജകളുടെ രക്ഷാശിക്ഷാദികൾ എന്നപോലെ, ശാസ്ത്രീയപരിഷ്കാരവ്യപേതമായ ഒരു സാഹിത്യത്തിൽ, കൃതികളുടെ ഗുണദോഷനിരൂപണങ്ങളും അശക്യങ്ങളാകുന്നു. അതിനാൽ ശാസ്ത്രീയപരിഷ്കാരം സിദ്ധിച്ചിട്ടില്ലാത്ത ഒരു സാഹിത്യം അത്യന്തം നിസ്സാരമാകുന്നു. ഈ തത്ത്വത്തെ പൂർവ്വപണ്ഡിതന്മാർ വേണ്ടപോലെ ധരിച്ചിരുന്നു. സാഹിത്യത്തിനു ശാസ്ത്രീയപരിഷ്കാരസമ്പൂർത്തി വരുത്തുവാൻ അവർ അസാധാരണ ശ്രമം ചെയ്തിട്ടുണ്ട്. പ്രശസ്തങ്ങളും ഗംഭീരങ്ങളും വിവിധവിഷയപ്രതിപാദകങ്ങളും ആയ ശാസ്ത്രങ്ങളാൽ, പ്രബലങ്ങളായ പ്രാകാരങ്ങളാൽ നഗരം എന്നപോലെ, സംസ്കൃതസാഹിത്യം സംരക്ഷിതമായിരിക്കുന്നു. അതിനാൽ മന്ദബുദ്ധികൾക്കും അല്പജ്ഞന്മാർക്കും അതിൽ കടന്നു സ്വാതന്ത്ര്യം കാണിക്കാൻ കഴികയില്ല. കവികളുടെ രസനാരണ്യത്തിൽനിന്നും ബഹിർഗ്ഗമിച്ചു സാഹിത്യലോകത്തിലിറങ്ങി ഉന്മത്തപ്രായങ്ങളായി വിഹരിക്കുന്ന കവനഗജങ്ങളുടെ ഗതിസ്വഭാവത്തെ ഏതാദൃശശാസ്ത്രങ്ങൾ ശൃംഖലകളെന്നപോലെ നിയന്ത്രണംചെയ്തിട്ടുണ്ട്. പ്രകൃതികോമളയായ കവിതാവനിതയെ ശാസ്ത്രീയമതാനുഷ്ഠാനജനിതമായ അസ്വാതന്ത്ര്യത്താൽ ക്ലേശവും വൈകല്യവും സംഭവിക്കാതെ സാഹിത്യസരണിയിലൂടെ സ

ച്ചരിപ്പിക്കുന്നതിനു പലപ്പോഴും മഹാകവികൾക്കു കൂടി പ്രയാസം ഉണ്ടായതായി സ്പഷ്ടമാകുന്നു. ഈ വിചിന്തനയിൽനിന്നും സംസ്കൃതസാഹിത്യത്തിൽ ശാസ്ത്രങ്ങളുടെ ബലവും കാൎക്കശ്യവും എത്രമാത്രമുണ്ടെന്ന് ഊഹിക്കാം. 'നിരങ്കുശാഃ കവയഃ' എന്നു പ്രസിദ്ധമാണെങ്കിലും, ശാസ്ത്രീയമതങ്ങളെ ഉല്ലംഘിക്കുന്നതിനു യാതൊരു കവിയും ധൈൎയ്യം പ്രകടിപ്പിച്ചിട്ടില്ല. ഭക്തന്മാരായ ജനങ്ങൾ, പ്രഭാവാദിഗുണയുക്തന്മാരായ രാജാക്കന്മാരുടെ മതങ്ങളെ എന്നപോലെയും, വിനീതന്മാരായ ശിഷ്യന്മാർ ഉത്തമന്മാരായ ഗുരുക്കന്മാരുടെ ശാസനകളെ എന്നപോലെയും കൃതികൾ എല്ലാം ശാസ്ത്രീയനിയമങ്ങളെ സാദരം അനുസരിക്കുന്നു. ഇപ്രകാരം വിശിഷ്ടങ്ങളായ ശാസ്ത്രങ്ങളാൽ സുരക്ഷിതവും സുപരിഷ്കൃതവുമാകുന്നു നമ്മുടെ സംസ്കൃതസാഹിത്യം.

പ്രത്യേകം ചില നിയമങ്ങളെ അനുസരിച്ചെഴുതപ്പെടുന്ന രസാവഹകളായ കൃതികളുടെ സമുച്ചയം സാഹിത്യവും, സൎഗ്ഗാദിവിഭാഗഭേദങ്ങൾ അടങ്ങിയ ഗദ്യപദ്യസംഘാതം കൃതിയും, പദസമൂഹം ഗദ്യപദ്യവും, അക്ഷരസമുദായം പദവും ആകുന്നു. ഈ സ്ഥിതിക്കു സാഹിത്യപരിഷ്കാരം ആദ്യമായി വൎണ്ണങ്ങളുടെ പരിഷ്കാരത്താൽ ദൃഢീകരിക്കപ്പെടണം. എന്തെന്നാൽ പരമാണുസംഘാതം തന്നെ പൎവ്വതാദിസ്ഥൂലപദാൎത്ഥങ്ങളാകുന്നതുപോലെ, വൎണ്ണസമൂഹം തന്നെയാണ് കാവ്യമഹാകാവ്യാദിരൂപങ്ങളെ വഹിച്ചു ശോഭിക്കുന്നത്. അതിനാൽ ശബ്ദങ്ങളുടെ പരിഷ്കാരത്തിൽ നമ്മുടെ പൂൎവ്വികന്മാർ ആദ്യമായി ശ്രദ്ധിച്ചു. ശബ്ദങ്ങളുടെ ഉൽപത്തി പ്രയോഗങ്ങൾ മുതലായവയെ വിവരിച്ചു വിധിക്കുന്ന ശാസ്ത്രം നിൎമ്മിച്ചു. ഈ ശാസ്ത്രമാകുന്നു വ്യാകരണം. വ്യാകരണശൂന്യയായ ഭാഷ, ജീവനില്ലാത്ത ശരീരംപോലെയാകുന്നു. എന്തെന്നാൽ രണ്ടും ഉപയോഗിക്കപ്പെടുവാൻ അൎഹതയുള്ളവയല്ല.

യദ്യപി ബഹു നാധീഷേ
തഥാപി പഠ പുത്ര വ്യാകരണം
സ്വജനശ്ച ജനോ മാഭൂൽ
സകലം ശകലം സകൃൽ ശകൃൽ.

എന്നും മററുമുള്ള അഭിജ്ഞോക്തികൾ വ്യാകരണത്തിൻെറ ആവശ്യകതയെ സുസ്പഷ്ടമാക്കുന്നവയാണ്. ഭാഷയുടെ പരിഷ്കാരകാലത്തല്ല ആദിദശയിലാണ് വ്യാകരണമുണ്ടാകേണ്ടത്. ഒരു കെട്ടിടത്തിൻെറ പണി എല്ലാം തീൎന്നശേഷമല്ല അതിൻെറ ഉറപ്പിനു വേണ്ട ശ്രമങ്ങൾ ചെയ്യേണ്ടത്. സംസ്കൃതഭാഷക്കു വ്യാകരണം ആദിദശയിൽതന്നെ സിദ്ധിച്ചിരിക്കുന്നു. ശ്രീപരമേശ്വരങ്കൽ നിന്നും ശബ്ദാഗമം ഉണ്ടായി. പിന്നീട് ഈ ശാസ്ത്രത്തിനു വേണ്ട പരിഷ്കാരങ്ങളെല്ലാം വരുത്തിയതു പാണിനിയാകുന്നു. അല്പാക്ഷരകളായ വാക്കുകളിൽ അതിവിസ്തൃതവും ഗംഭീരവും ആയ അൎത്ഥത്തെ അടക്കുന്നതിൽ പാണിനി അതിവൈദഗ്ദ്ധ്യം പ്രകടിപ്പിച്ചിട്ടുണ്ട്. സ്തോശ്ചു, നാശ്ചു, 'ഇകൊയണചി' മുതലായവ ഈ വിധത്തിലുള്ള സൂത്രങ്ങളാകുന്നു. ഇപ്രകാരമുള്ള സൂത്രതന്തുക്കളെക്കൊണ്ടത്രേ സംസ്കൃതവ്യാകരണമഹാപടത്തെ നിൎമ്മിച്ചിരിക്കുന്നത്. വ്യവഹാരസൌകൎയ്യത്തിനു പ്രത്യേകം ശാസ്ത്രീയസംജ്ഞകളേൎപ്പെടുത്തി, പദവിഭാഗം ചെയ്തു, പ്രകൃതിപ്രത്യയങ്ങൾ

ലിംഗവചനവിഭക്തികൾ, കൎത്തൃകൎമ്മക്രിയകൾ, സന്ധിസമാസധാതുക്കൾ, മുതലായി ശബ്ദശാസ്ത്രത്തിന് ആവശ്യകങ്ങളായ വിഷയങ്ങളെ ഈ ശാസ്ത്രത്തിൽ പരിഷ്കൃതമായി വിവരിച്ചിരിക്കുന്നു. ഇതുപോലെ വൎഗ്ഗവിഭാഗം, ശബ്ദോൽപത്തി മുതലായവയേയും വിവരിച്ചിട്ടുണ്ട്. പഠിക്കുന്നവരുടെ സൌകൎയ്യത്തിനു വേണ്ടി സൂത്രാൎത്ഥത്തെ യഥോചിതം വ്യാഖ്യാനിച്ചു വ്യക്തമാക്കി പല ഗ്രന്ഥങ്ങളും നിൎമ്മിക്കപ്പെട്ടിരിക്കുന്നു. ഈ വക ഗ്രന്ഥങ്ങളെല്ലാം പഠിച്ചു ശബ്ദശാസ്ത്രത്തിൽ നൈപുണ്യം സമ്പാദിക്കണമെങ്കിൽ എട്ടുപത്തു വൎഷങ്ങളെങ്കിലും കൂടാതെ കഴികയില്ല. സൂത്രങ്ങളിൽ കോൎത്തുകെട്ടിയിട്ടുള്ള മതരത്നങ്ങളോടു കൂടിയ വ്യാകരണശാസ്ത്രഹാരത്തെ കണ്ഠാലങ്കാരമാക്കണമെങ്കിൽ അസാധാരണബുദ്ധിബലമുള്ളവൎക്കുകൂടി വളരെ ശ്രമം ഉണ്ടാകുന്നതാണ്. അത്രമാത്രം പരിഷ്കാരവും ദാൎഢ്യവും ഉള്ളതാകുന്നു നമ്മുടെ ശബ്ദശാസ്ത്രം. സംസ്കൃതഭാഷയുടെ സകലവിധ പരിഷ്കാരവും ഈ ശാസ്ത്രത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇത്രയും പരിഷ്കൃതമായ ശാസ്ത്രം മറെറാരു ഭാഷക്കും സിദ്ധിച്ചിട്ടില്ല. മററു ശാസ്ത്രങ്ങളുടെ എന്നപോലെ വ്യാകരണത്തിന്റേയും കൎത്താക്കന്മാർ ത്രികാലദൎശികളും ദിവ്യന്മാരും ആയ ഋഷീശ്വരന്മാരാണെന്നു പറഞ്ഞാൽ ഇതിന്റെ പരിപാവനത്വത്തിലും മാഹാത്മ്യത്തിലും പരിഷ്കാരത്തിലും, മതം മാറുന്നവരെയോ പുതിയ പരിഷ്കാരം സിദ്ധിക്കുന്നവരെയോ നമുക്കു ശങ്കിച്ചിട്ട് അല്പവും ആവശ്യമില്ല.

വ്യാകരണശാസ്ത്രത്താൽ ശബ്ദവിഷയത്തിൽ വേണ്ട വ്യവസ്ഥകൾ ചെയ്തതിന്റെ ശേഷം ശബ്ദത്തിന്റെ ആത്മാവാകുന്ന അൎത്ഥത്തിന്റെ കാൎയ്യത്തിൽ ശ്രദ്ധിച്ചിരിക്കുന്നു. പദങ്ങളുടെ അൎത്ഥങ്ങളെ വിവരിച്ചു നിയമനം ചെയ്യുന്ന ശാസ്ത്രങ്ങളാകുന്നു കോശങ്ങൾ. പദങ്ങളുടെ അൎത്ഥലിംഗാദികളെ വിധിക്കുന്നതിൽ ഇവ വ്യാകരണശാസ്ത്രത്തെ പൂൎണ്ണമായി ആശ്രയിച്ചിരിക്കുന്നു. നമ്മുടെ കോശകാരന്മാർ പദങ്ങളെ അകാരാദിക്രമത്തിനു വിഭജിച്ച് അൎത്ഥം പറയുക അല്ല ചെയ്യുന്നത്. പദങ്ങളെയെല്ലാം വൎഗ്ഗം വൎഗ്ഗമായി തിരിച്ചു യഥാക്രമം തത്തദ്വൎഗ്ഗപദങ്ങളുടെ അൎത്ഥം പറയുന്നു. ധരിക്കുന്നതിന് അധികം സൌകൎയ്യമുള്ളതിനാൽ കോശങ്ങൾ പദ്യങ്ങളിൽ എഴുതിയിരിക്കുന്നു. സംസ്കൃതഭാഷയിൽ നൂറിലധികം കോശഗ്രന്ഥങ്ങളുണ്ട്. അവയെ പല പണ്ഡിതന്മാരും വ്യാഖ്യാനിച്ചിട്ടുമുണ്ട്. കോശഗ്രന്ഥങ്ങളിൽ അമരകോശം പ്രധാനമാകുന്നു. 'അമരോയം സന്നതനഃ' എന്നു പറഞ്ഞിരിക്കുന്നതിൽനിന്ന് ഈകോശത്തിന്റെ പ്രാധാന്യം ഊഹിക്കാം. ആയുൎവ്വേദഗ്രന്ഥങ്ങളിൽ അഷ്ടാംഗഹൃദയത്തിന്റെ സ്ഥാനം കോശങ്ങളിൽ 'അമര'ത്തിനുണ്ട്. പ്രസിദ്ധങ്ങളും കവിപ്രയോഗങ്ങളാൽ സാധുക്കളും ആയ പദങ്ങളെയെല്ലാം അമരത്തിൽ പറയുന്നുണ്ട്. ബഹ്വൎത്ഥങ്ങളായ പദങ്ങളെ കാന്താദിവൎണ്ണക്രമത്തിനു വിഭജിച്ചു യഥാക്രമം അവയുടെ അൎത്ഥത്തെ കുറിക്കുന്നു. അമരകോശം നിഷ്കൎഷയോടുകൂടി പഠിക്കുന്ന ഒരുത്തന് വ്യാകരണത്തിൽ പല വിഷയങ്ങളിലും പരിപൂൎണ്ണനൈപുണ്യം ലഭിക്കുന്നതാണ്, നാനാൎത്ഥങ്ങളേയും ഏകാക്ഷരങ്ങളേയും മാത്രം വിവരി

ക്കുന്ന പല കോശങ്ങളുമുണ്ട്. 'അനേകാർത്ഥധ്വനിമഞ്ജരി' 'നാനാർത്ഥരത്നമാല' 'ഏകാക്ഷരകോശം' മുതലായവ ഈ വർഗ്ഗത്തിൽ ഉൾപ്പെടുന്നു. ഭട്ടമല്ലൻ, യാദവൻ, രന്തിദേവൻ, ധനഞ്ജയൻ, വിമേൻ, ഭോഗീന്ദ്രൻ, ഗംഗാധരൻ, മുതലായ പല പണ്ഡിതന്മാരും തത്തന്നാമാങ്കിതങ്ങളായ കോശങ്ങളെ നിർമ്മിച്ചിട്ടുണ്ട്. മേദിനി, ധരണി, വിശ്വം, മുക്താവലി, ശബ്ദാർണ്ണവം, മുതലായ കോശങ്ങളുടെ പേരുകളും സ്മരണീയങ്ങളാകുന്നു. ഈവക കോശങ്ങൾ സംസ്കൃതഭാഷാപദാർത്ഥരത്നങ്ങളുടെ കോശങ്ങൾ തന്നെയാണ്. കോശവിഷയത്തിലും സംസ്കൃതഭാഷയുടെ പരിഷ്കാരം സമ്പൂർണ്ണമാകുന്നു.

ഒരു സാഹിത്യത്തിന്റെ സ്ഥിതി തദ്ഭാഷാസ്വഭാവത്തെ ഏറെക്കുറെ ആശ്രയിച്ചിരിക്കുന്നതിനാൽ, ഭാഷയുടെ ശരീരാത്മാക്കളാകുന്ന ശബ്ദാർത്ഥങ്ങളുടെ പരിഷ്കാരത്തെക്കുറിച്ചു മുൻപു പറഞ്ഞു. ഇനി സാഹിത്യത്തിന്റെ ആഭ്യന്തരസ്ഥൂലപരിഷ്കാരങ്ങളെ പ്രകടിപ്പിക്കുന്ന ചില ശാസ്ത്രങ്ങളെക്കുറിച്ചുകൂടി പറയേണ്ടിയിരിക്കുന്നു. മാത്രാദിനിയമങ്ങളെ അനുസരിച്ചു രചിക്കുന്ന പദസമുച്ചയം പദ്യവും തദിതരം ഗദ്യവുമാകുന്നു. പദ്യങ്ങൾ മാത്രാക്ഷരവിന്യാസനരീതിയനുസരിച്ചു പലതരത്തിലുണ്ട്. അവയെ വൃത്തങ്ങൾ എന്നു പറയുന്നു. വൃത്തങ്ങൾ വളരെ ഉണ്ട്. അവയുടെ സ്വഭാവലക്ഷണങ്ങളെക്കുറിച്ചു പറയുന്നതാകുന്നു വൃത്തശാസ്ത്രം. കാളിദാസകൃതമായ ശ്രുതബോധത്തിൽ പല വൃത്തങ്ങളുടേയും ലക്ഷണങ്ങൾ പറയുന്നുണ്ട്. ശ്രുതബോധത്തിൽ പറയുന്നതിൽ കൂടുതലായി പല വൃത്തങ്ങളേയും വൃത്തരത്നാകരത്തിൽ വിവരിച്ചിട്ടുണ്ട്. ക്ഷേമേന്ദ്രന്റെ സുവൃത്തതിലകം വിശിഷ്ടമായ ഒരു വൃത്തശാസ്ത്രഗ്രന്ഥമാകുന്നു. ഇതിൽ വൃത്തലക്ഷണങ്ങളെ പറയുന്നതുകൂടാതെ അവയുടെ പ്രയോഗൌചിത്യാദികളേയും വിവരിച്ചിട്ടുണ്ട്. വൃത്തങ്ങളെക്കുറിച്ചു പറയുന്നവയായി വേറേയും പല ഗ്രന്ഥങ്ങൾ ഉള്ളവ ഈ ശാസ്ത്രത്തിന്റെ പരിഷ്കാരത്തെ കാണിക്കുന്നു.

രചനാസ്വഭാവം അനുസരിച്ചു കൃതികൾക്കു പല ജാതികളുണ്ട്. കാവ്യത്തെ ദൃശ്യം ശ്രാവ്യം എന്നു രണ്ടായി വിഭജിച്ചിരിക്കുന്നു. ഖണ്ഡകാവ്യം, മഹാകാവ്യം, ചമ്പു, സന്ദേശം മുതലായവ ശ്രാവ്യവർഗ്ഗത്തിലും, നാടകം, പ്രഹസനം തുടങ്ങിയവ ദൃശ്യവർഗ്ഗത്തിലും ഉൾപ്പെടുന്നു. 'അദോഷൗ സഗുണൗ സാലങ്കാരൗ ശബ്ദാർത്ഥൗ കാവ്യം' എന്നതു കാവ്യത്തിന്റെ സാമാന്യലക്ഷണമാകുന്നു. ഈ ലക്ഷണത്തെ സവിശേഷം വികസിപ്പിച്ചു, കാവ്യത്തിന്റെ ഓജഃപ്രസാദാദിഗുണങ്ങൾ, അശ്ലീലനിരർത്ഥപദാദിദോഷങ്ങൾ, ഉപമാശ്ലേഷാദ്യർത്ഥാലങ്കാരങ്ങൾ, യമകപ്രാസാദിശബ്ദാലങ്കാരങ്ങൾ, ദ്രാക്ഷാദിപാകങ്ങൾ, വൈദർഭ്യാദിരീതികൾ, ധ്വനി, വ്യംഗ്യം മുതലായവയെ എല്ലാം വിസ്തരിച്ച് അലങ്കാരശാസ്ത്രത്തിൽ പറയുന്നു. ഈ വക കാവ്യഗുണങ്ങളെക്കുറിച്ചു പറയുന്ന ഗ്രന്ഥങ്ങളിൽ കാവ്യപ്രദീപം, സാഹിത്യദർപ്പണം, പ്രതാപരുദ്രീയം, അലങ്കാരസൂത്രം, ചന്ദ്രാലോകം, കുവലയാനന്ദം, രസഗംഗാധരം, കാവ്യപ്രകാശം, കവികണ്ഠാഭരണം, ഔചിത്യവിചാരചർച്ച മുതലായവയുടെ നാ

മങ്ങൾ പ്രഥമഗണനീയങ്ങളാകുന്നു. കാവ്യഗുണദോഷങ്ങളെ മുഴുവനും ഇവ വേണ്ട പോലെ വിചിന്തനം ചെയ്തിട്ടുണ്ട്. മമ്മടൻ, ക്ഷേമേന്ദ്രൻ, വാമനൻ, ദണ്ഡി, ജഗന്നാഥപണ്ഡിതർ, അപ്പയ്യദീക്ഷിതർ മുതലായ മഹാന്മാരാകുന്നു ഈ അലങ്കാരശാസ്ത്രമാർഗ്ഗത്തിനു പരിഷ്കൃതിവരുത്തിയവർ. ചില വിഷയങ്ങളിൽ മുൻപറഞ്ഞ ശാസ്ത്രകാരന്മാർ ഭിന്നപക്ഷത്തെ അവലംബിച്ചിട്ടുണ്ടെങ്കിലും, ആകപ്പാടെ നോക്കുകയാണെങ്കിൽ അവരുടെ ഭിന്നപക്ഷങ്ങൾ ശാസ്ത്രീയമാർഗ്ഗത്തിനു പ്രകാശത്തെ വർദ്ധിപ്പിക്കുകയേ ചെയ്തിട്ടുള്ളു. മഹാകവി നീലകണ്ഠദീക്ഷിതരും കാവ്യത്തെ സംബന്ധിച്ചു പല പ്രൌഢവിചിന്തനങ്ങളും പല അവസരങ്ങളിലായി ചെയ്തിട്ടുണ്ട്. ദൃശ്യകാവ്യങ്ങളായ നാടകം പ്രഹസനം മുതലായവയെക്കുറിച്ചു ഭരതശാസ്ത്രത്തിൽ പറയുന്നു. നാട്യശാസ്ത്രത്തിന് ഇത്രമാത്രം കർക്കശനിയമങ്ങൾ മറെറാരു സാഹിത്യലോകത്തിലും കാണുകയില്ല. അങ്കങ്ങളേയും അംഗങ്ങളേയും വിഭജിക്കുന്നതിലും നാന്ദി സൂത്രധാരൻ നായകൻ നായിക മുതലായ പാത്രങ്ങളെ സൃഷ്ടിക്കുന്നതിലും ബീജബിന്ദുപതാകാദി ലക്ഷണങ്ങളെ സാധിക്കുന്നതിലും പല പ്രത്യേക നിയമങ്ങളേയും അനുസരിക്കേണ്ടതായിട്ടുണ്ട്. നാന്ദി മുതൽ ഭരതവാക്യം വരെ നാടകത്തിന്റെ മുഴുവൻ ലക്ഷണങ്ങളേയും മററും വിവരിച്ചിരിക്കുന്നതറിയുകയാണെങ്കിൽ നാടകം നിർമ്മിക്കാൻ എളുപ്പം ആരും ഉദ്യമിക്കയില്ല. പലവിധമുള്ള ലക്ഷണങ്ങൾക്കും ഭംഗം കൂടാതെയും കവിതാഗുണസംയുക്തമായും രംഗപ്രയോഗത്തിനുചിതമായും നാടകത്തെ നിർമ്മിക്കാൻ വളരെ പ്രയാസമുണ്ട്. ഇതാണ് 'നാടകാന്തം കവിത്വ'മെന്നു പറയുന്നതിന്റെ രഹസ്യം. ഇന്നയിന്ന വിധത്തിലുള്ള കഥാപാത്രങ്ങൾക്ക് ഇന്നയിന്ന ലക്ഷണങ്ങൾ ഉണ്ടായിരിക്കണമെന്നു നിർബന്ധമുണ്ട്. ദശരൂപകത്തിൽ ധനഞ്ജയൻ ദശരൂപകങ്ങളെ കുറിച്ചു സലക്ഷണം വിസ്തരിച്ചുപറയുന്നുണ്ട്. പ്രതാപരുദ്രീയത്തിലും നാടകത്തെ സംബന്ധിച്ചു പലതും പറഞ്ഞിരിക്കുന്നു. ഭരതശാസ്ത്രം നോക്കിയെങ്കിൽ മാത്രമേ നാട്യശാസ്ത്രസംബന്ധമായ ജ്ഞാനത്തിനു പൂർണ്ണത ലഭിക്കുകയുള്ളു. രസം, വ്യംഗ്യം, ധ്വനി, അലങ്കാരം മുതലായവയെ എല്ലാത്തിനേയും ഓരോന്നിനേയും കുറിച്ചു വിവരിക്കുന്നവയായിട്ടും അനവധി ഗ്രന്ഥങ്ങളുണ്ട്.

വ്യാകരണകോശവൃത്താലങ്കാരനാട്യശാസ്ത്രങ്ങളുടെ നിർമ്മിതിയാൽ ദൃശ്യശ്രാവ്യകാവ്യമയമാകുന്ന സംസ്കൃതസാഹിത്യലോകത്തിനു പരിപൂർണ്ണമായ പരിഷ്കാരം സിദ്ധിച്ചിട്ടുണ്ടെന്ന് ഇപ്പോൾ അല്പമെങ്കിലും സ്പഷ്ടമായല്ലോ. ഈ വക ശാസ്ത്രങ്ങളിലെല്ലാം സാമാന്യപരിചയമെങ്കിലുമില്ലാത്തവർക്ക് സംസ്കൃതസാഹിത്യത്തിൽ രസിക്കുന്നതിനോ കൃതികളെ നിർമ്മിക്കുന്നതിനോ ഗ്രന്ഥങ്ങളുടെ ഗുണദോഷനിരൂപണം ചെയ്യുന്നതിനോ കഴികയില്ല. ഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുന്നവർക്ക് മുൻപറഞ്ഞ ശാസ്ത്രങ്ങളിൽ മതിയായ ജ്ഞാനം ഉണ്ടായിരിക്കണം. വ്യാകരണാദിശാസ്ത്രങ്ങളുടെ പൂർവ്വോക്തമായ പരിഷ്കാരവും പ്രൌഢതയും നിയമകാർക്കശ്യവും സാഹിത്യകാരന്മാരുടെ സ്വാതന്ത്ര്യവിച്ഛേദകരങ്ങളാകയാൽ ഈ വക ശാസ്ത്രങ്ങളുടെ ഇത്രമാത്രം

തീക്ഷ്ണതരമായ പരിഷ്കാരം ആവശ്യമില്ലാത്തതാണെന്നും, അതു ഭാഷയ്ക്ക് അപകർഷത്തേയും ഗ്രന്ഥങ്ങളുടെ സ്വതന്ത്രമായ ഉൽക്കർഷത്തിനു ന്യൂനതയേയും ജനിപ്പിക്കുന്നതാണെന്നും നവീനവിദ്വാന്മാരിൽ പലരും സിദ്ധാന്തിക്കുന്നുണ്ട്. ഇവർ പറയുന്നവിധത്തിലുള്ള സ്വാതന്ത്ര്യം, ബഹിർല്ലോകത്തിലെന്നപോലെ, സാഹിത്യത്തിലും അഭിലഷണീയമല്ല. ഈ മതക്കാർക്ക്, ദിനചര്യയിലും ശരീരസംരക്ഷണത്തിലും ചില ശാസ്ത്രീയനിയമങ്ങളെ അനുഷ്ഠിക്കേണ്ടതായിവരുന്നതും അസ്വാതന്ത്ര്യകരമല്ലേ? യഥാർത്ഥപണ്ഡിതന്മാർക്ക് കാവ്യരചനയ്ക്ക് ആവശ്യമായ സ്വാതന്ത്ര്യത്തിനു വക്തവ്യമായ യാതൊരു ഭംഗവും മുൻപറഞ്ഞ ശാസ്ത്രങ്ങൾ ജനിപ്പിക്കുന്നില്ല. ചിലപ്പോൾ കുറെ ക്ലേശമനുഭവിക്കേണ്ടിവരുമെന്നേയുള്ളൂ. മുമ്പറഞ്ഞ ശാസ്ത്രങ്ങൾ, പരിമിതബുദ്ധികൾക്കു സംസ്കൃതസാഹിത്യം, ദുഷ്പ്രധർഷമാക്കിച്ചെയ്യുന്നു. ശാസ്ത്രീയപരിഷ്കാരവിഷയത്തിൽ സംസ്കൃതസാഹിത്യം ഇതരസാഹിത്യങ്ങളെ അധഃകരിക്കുന്നുവെന്നും, സമ്പൂർണ്ണമാണെന്നും നിസ്സംശയം പറയാം.

വൈക്കം.

—വടക്കുംകൂർ രാജരാജവർമ്മരാജാ.

## “വ്യാഴവട്ടസ്മരണകൾ.”

### I

മിസ്റ്റർ കെ. നാരായണമേനവന്റെ ‘സ്മരണക’ളെപ്പററിയുള്ള നിരൂപണം അയയ്ക്കുന്നു. നിരൂപണം ഏകദേശം, ലോർഡ് മോർലി മുതലായ ചില ആംഗ്ലേയസാഹിത്യകാരന്മാർ സ്വീകരിച്ചിട്ടുള്ള ഒരു രീതിയിലാണ് എഴുതിയിരിക്കുന്നത്. സാധാരണമായി മലയാളത്തിൽ കാണുന്ന മാതിരി, ഗ്രന്ഥത്തിന്റെ ബഹിർഭാഗം മാത്രം സ്പർശിക്കുന്ന നിരൂപണമല്ല, നമുക്കാവശ്യമായിട്ടുള്ളതെന്നാണ് എന്റെ അഭിപ്രായം. നിരൂപണംകൊണ്ടു സാധിക്കേണ്ടത്, അത് ഏതു ഗ്രന്ഥത്തെപ്പററിയാണോ പ്രതിപാദിക്കുന്നത്, ആ ഗ്രന്ഥം കൂലംകഷമായി വായിച്ചു മനസ്സിലാക്കുവാനുള്ള ഒരു പ്രാപ്തി വായനക്കാരനിൽ ജനിപ്പിക്കുന്നതാണ്. അതു മിസ്റ്റർ മേനവന്റെ ലേഖനംകൊണ്ടു സാധിക്കുന്നതാണ്. ഇപ്രകാരം ഒരു നിരൂപണമാണ് ‘വ്യാഴവട്ടസ്മരണകൾ’ അർഹിക്കുന്നതെന്നു വിചാരിച്ചാണ് ഞാൻ അതെഴുതേണ്ട ജോലി മിസ്റ്റർ നാരായണമേനോനെ ഏല്പിച്ചത്. സമയദൌർല്ലഭ്യവും, ത്രാണിക്കുറവും, ഞാൻതന്നെ ആ ജോലി നിർവ്വഹിക്കുന്നതിന്നു മുതിരാതിരിപ്പാൻ കാരണങ്ങളാണ്.

പദ്യത്തിലെഴുതുന്നതെല്ലാം കവിതയാകുന്നെന്നും, പദ്യത്തിലെഴുതുന്നതു മാത്രമേ കാവ്യമാകയുള്ളൂ എന്നും ശഠിക്കുന്നവർ ‘വ്യാഴവട്ടസ്മരണകൾ’ പ്രത്യേകിച്ചും മനസ്സിരുത്തി വായിക്കേണ്ടതാണ്. യഥാർത്ഥകവിത ആ ഗ്രന്ഥത്തിൽ എവിടെയും കാണുന്നുണ്ട്. മലയാളത്തിൽ ഏതെങ്കിലും ഒരു ഗദ്യഗ്രന്ഥത്തിനു കാവ്യം എന്ന അഭിധാനം നല്കുന്നതിന്നു യോഗ്യതയുണ്ടെങ്കിൽ അതു ‘വ്യാഴവട്ടസ്മരണക’ളാണ്. അതിലെ ആശയങ്ങളുടെ നിഷ്കപടത്വവും, സഭ്യതയും, വാചകങ്ങളുടെ മാധുര്യവും സരളതയും അനുഭവിച്ചുതന്നെ അറിയേണ്ടതാണ്. സ്വദേശാഭിമാനികൾക്കും, സ്വദേശാഭിമാനികളാകുവാൻ ആഗ്രഹിക്കുന്നവർക്കും, ഗൃഹസ്ഥന്മാർക്കും ഗൃഹിണികൾക്കും, ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കുവാൻ തെയ്യാറാകുന്ന

വക്കും, പ്രത്യേകിച്ചു സ്ത്രീകൾക്കും പഠിക്കുവാനുള്ള സംഗതികൾ ധാരാളമായി ഈ പുസ്തകത്തിൽ ഉണ്ട്. ഈ പുസ്തകം സകല മലയാളകുടുംബങ്ങളിലും, വായനശാലകളിലും കടന്നുകൂടിക്കാണുവാൻ ആഗ്രഹിക്കുന്നു. ബാലികമാർ അവശ്യമായി അറിഞ്ഞിരിക്കേണ്ട പലേ സംഗതികളും ഇതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു നമ്മുടെ സ്ത്രീവിദ്യാലയങ്ങളിൽ ഈ ഗ്രന്ഥം ഒരു പാഠ്യപുസ്തകമായി സ്വീകരിക്കുന്നതു വളരെ ആവശ്യമാണെന്നുകൂടി ഞാൻ പറയും. പുസ്തകത്തിലെ ആശയവൈശിഷ്ട്യത്തെപ്പറ്റി ആലോചിക്കുമ്പോൾ, ഇതിന്റെ പ്രചാരം മലയാളത്തിൽ മാത്രമായിപ്പോയല്ലോ എന്നു വിചാരിച്ചു വ്യസനിക്കേണ്ടി വരുന്നു. മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കു ചുരുക്കമായേ ഗ്രന്ഥങ്ങൾ തർജ്ജമചെയ്തിട്ടുള്ളു. 'വ്യാഴവട്ടസ്മരണകൾ' തീർച്ചയായും അങ്ങിനെ തർജ്ജമചെയ്യപ്പെടുവാൻ അർഹതയുള്ള ഒരു ഗ്രന്ഥമാണെന്നാണ് എനിക്കു തോന്നുന്നത്. അങ്ങിനെ ചെയ്യുന്നതുകൊണ്ട് അതിലടങ്ങിയിട്ടുള്ള ആശയങ്ങൾ മററുള്ള ഭാരതീയക്കും വായിച്ചു മനസ്സിലാക്കുവാൻ സാധിക്കുമല്ലോ.

വെറുതെ കണ്ണടച്ചു ഒരാൾ സദുപദേശം ചെയ്യുന്നതും, സ്വന്ത അനുഭവങ്ങൾ ഉദാഹരണമായെടുത്ത് ഉപദേശം ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. രണ്ടാമത്തേതു കേട്ടു മനസ്സിലാക്കുവാൻ ശ്രോതാക്കൾക്കു കുറെ അധികം വേഗത്തിൽ സാധിക്കും; അതിൽ മററതിനെ അപേക്ഷിച്ചു ജനങ്ങൾക്കു കുറെ അധികം രസവും വിശ്വാസവും ജനിക്കുന്നതാണ്. ഇതാണ് 'വ്യാഴവട്ടസ്മരണകൾ'ക്കുള്ള വേറെ ഒരു ഗുണം.

മിസ്റ്റർ നാരായണമേനോൻ പറഞ്ഞിട്ടുള്ള ഒരു സംഗതിയോടുകൂടി യോജിപ്പാൻ എനിക്കു നിവൃത്തിയില്ല. ശ്രീമതി കല്യാണിയമ്മ അവർകളുടെ ജീവിതത്തിൽ നിന്ന്, ഇപ്പോഴത്തെ സ്ത്രീവിദ്യാഭ്യാസത്തിന്റെ രീതി നമ്മുടെ സ്ത്രീകൾക്കു ഗുണകരമായ വിധത്തിലാണിരിക്കുന്നതെന്നു മിസ്റ്റർ മേനോൻ അനുമാനിക്കുന്നു. ശ്രീമതി കല്യാണിയമ്മ അവർകളെ ഒരു മാതൃകാപത്നിയും, ഗൃഹസ്ഥയും, മാതാവും ആക്കിയത് അവരുടെ വിദ്യാഭ്യാസം മാത്രമാണോ എന്ന് എനിക്കു പ്രബലമായ സംശയമുണ്ട്. ആ നിലകളിൽ എത്തുവാൻ സഹായിക്കുന്ന ഗുണങ്ങൾ പാശ്ചാത്യവിദ്യാഭ്യാസത്തിനായി അവർ മുതിരുന്നതിനു മുമ്പായിത്തന്നെ അവരിൽ ശൈശവാവസ്ഥയിലെങ്കിലും ഉണ്ടായിരുന്നിരിക്കണം; വിദ്യാഭ്യാസം വഴിക്കായി അവ പോഷിക്കപ്പെട്ടുവെന്നേ പറഞ്ഞുകൂടു. മറിച്ചാണെങ്കിൽ, ഉന്നതവിദ്യാഭ്യാസം കിട്ടിയവരാണെന്നു നടിച്ചു നടക്കുന്ന നമ്മുടെ ചില 'മദാമ്മ'മാരും അവരെപ്പോലെയാകുമായിരുന്നുവല്ലോ. ഈ വിഷയത്തെപ്പററി ഞാൻ എഴുതിവരുന്ന "ഇന്ത്യക്കാക്കാവശ്യമായ വിദ്യാഭ്യാസം" എന്ന ലേഖനത്തിൽ സവിസ്താരമായി പ്രതിപാദിക്കുവാൻ വിചാരിക്കുന്നതുകൊണ്ട് ഇവിടെ ഇതിനെപ്പററി ഇതിലധികം പറയുന്നില്ല.

രണ്ടു വാക്കുകൂടിപ്പറഞ്ഞിവിടെ അവസാനിപ്പിക്കാം. 'വ്യാഴവട്ടസ്മരണകൾ'കൊണ്ടു മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ പൂർണ്ണമായ ഒരു ജീവചരിത്രം നമുക്കു കിട്ടിയതായിപ്പറയുവാൻ നിവൃത്തിയില്ല. ഒരു ജീവചരിത്രം അർഹിക്കുന്ന ഒരാൾ അടുത്തകാലത്തു മലയാളത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതു മിസ്റ്റർ പിള്ളയാണ്. സാഹിത്യകാരന്റെ നിലയിലും, സാഹിത്യനിരൂപകന്റെ നിലയിലും, സമുദായപരിഷ്കാരിയുടെ നിലയിലും, രാജ്യതന്ത്രജ്ഞന്റെ നിലയിലും, ഗൃഹസ്ഥന്റെ നിലയിലും, പത്രപ്രവർത്തകന്റെ നിലയിലും അദ്ദേഹത്തിനെപ്പററി സവിസ്താരമായി പ്രതിപാദിക്കുന്ന ഒരു ജീവചരിത്രം നമുക്കാവശ്യമുണ്ട്. ആ ആവശ്യം സാധിപ്പിച്ചു തരുന്നതിനു നമ്മുടെ ഗ്രന്ഥകർത്രിയെപ്പോലെ ത്രാണിയുള്ള വേറെ ഒരാളെ കാണുന്നില്ല; ഇതു നല്ലവണ്ണം മനസ്സിലാക്കിയിട്ടായിരിക്കണം ശ്രീമതി തരവത്തു അമ്മാളുഅമ്മ അവർകൾ അവരോട് ഈ ഭാരംകൂടി നിർവ്വഹിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്. അടുത്തകാലത്തു മേൽ കാണിച്ച വിധത്തിലുള്ള ഒരു ജീവചരിത്രം കേരളീയർക്കു നമ്മുടെ ഗ്രന്ഥകർത്രിയുടെ തൂലികയിൽനിന്നു ലഭിക്കുമെന്നു വിശ്വസിച്ചുകൊണ്ട് എന്റെ എഴുത്തിവിടെ നിറുത്താം.

എറണാകുളം.

—അമ്പാടി നാരായണമേനോൻ.

# II

ഇംഗ്ലീഷിൽ 'മേംവാർസ്' (Memoirs) എന്നു പറയുന്ന ഒരുതരം ഗ്രന്ഥങ്ങളുടെ രീതിയെ അനുസരിച്ചാണ് പ്രസ്തുത ഗ്രന്ഥം എഴുതിയിരിക്കുന്നത്. ഈ നവീന സമ്പ്രദായത്തിൽ ഇദംപ്രഥമമായി നമ്മുടെ ഭാഷയിൽ ഉണ്ടായ ഒരു വിശിഷ്ടകൃതിയാകുന്നു ഈ 'സ്മരണകൾ'. ഇതിന്റെ പ്രണേത്രി ശ്രീമതി ബി. കല്യാണിഅമ്മ ബി. എ. അവർകളാകുന്നു. ഈ സ്മരണകളിലെ കഥാനായകൻ പരേതനായ പുരുഷകേസരി ശ്രീമാൻ കെ. രാമകൃഷ്ണപിള്ളയും നായിക നമ്മുടെ ഗ്രന്ഥകർത്ത്രിയുമാണ്. പരിണാമഗുപ്തി എന്ന കൃത്രിമസംഗതിയെ ഒഴിച്ചാൽ, വായനക്കാരെ അപഹൃത ചിത്തവൃത്തികളാക്കിത്തീർക്കുന്ന ഏത് ഉൽകൃഷ്ടനോവലിനോടും ഈ സ്മരണകൾ കിടപിടിക്കുന്നുണ്ട്. കൃത്രിമമായിയാതൊരു സംഗതിയും ഇതിൽ ഇല്ലാത്തതുതന്നെയാണ് സ്മരണകളുടെ വിശിഷ്ടതയ്ക്കു പ്രധാനമായ കാരണം. ഒരു ഗ്രന്ഥത്തിലെ സംഗതികൾ രസികന്മാർക്കും അരസികന്മാർക്കും ഹൃദയംഗമങ്ങളായിത്തീരുന്നതു ലേഖകന്റെ ആന്തരാത്മാവിൽനിന്ന് അനർഗ്ഗളമായി പ്രവഹിക്കുന്ന വാസ്തവങ്ങളെ അകൃത്രിമമായ വാചകരീതികൊണ്ടു നിഷ്പ്രയാസേന പ്രസ്താവിക്കുന്നതിനാലാകുന്നു. ഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെടുന്ന സംഗതികളോടും, പ്രത്യേകിച്ചു ഗ്രന്ഥകർത്താവിന്റെ ആത്മാവിനോടും, വായനക്കാരുടെ ആത്മാവിനു ഗണ്യമായ ഒരു മമത ജനിക്കുമ്പോൾ മാത്രമേ ആ ഗ്രന്ഥം ആ ഭാഷയിലെ സാഹിത്യത്തിന്റെ ഉദ്ദേശത്തെ നിർവ്വഹിക്കുകയുള്ളു. അതുകൊണ്ടു പ്രസ്തുത 'സ്മരണകൾ' മലയാളസാഹിത്യത്തിൽ ഏററവും ഉൽകൃഷ്ടമായ ഒരു സ്ഥാനത്തെ അർഹിക്കുന്നുണ്ട്

വ്യാഴവട്ടസ്മരണകളെക്കുറിച്ച് ഒരു നിരൂപണം എഴുതേണമെന്ന് എന്റെ സ്നേഹിതൻ എന്നോട് ആവശ്യപ്പെട്ടപ്പോൾ, തൃപ്തികരമാകുംവണ്ണം ആ കൃത്യം നിർവ്വഹിക്കുവാൻ പ്രയാസമുണ്ടാകുമെന്നു ഞാൻ സംശയിച്ചില്ല. പുസ്തകം വായിച്ചുകഴിഞ്ഞപ്പോഴാണ് വൈഷമ്യങ്ങൾ പ്രത്യക്ഷപ്പെട്ടത്. ഇതിലെ നായകനോ നായികയ്ക്കോ അവരുടെ അനുഭവങ്ങൾക്കോ പ്രാധാന്യം കല്പിച്ചു നിരൂപിക്കേണ്ടത് എന്ന സംഗതിയാണ് ഈ വിഷയത്തിൽ നേരിട്ട വൈഷമ്യം. വിശിഷ്ടഗ്രന്ഥങ്ങളെക്കുറിച്ചുള്ള നിരൂപണങ്ങൾ, ഏകദേശം വ്യാഖ്യാനങ്ങളെ പോലെ തന്നെ, ഗ്രന്ഥത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങളെ വായനക്കാരെ ഗ്രഹിപ്പിക്കത്തക്കവണ്ണമായിരിക്കണം എന്ന സിദ്ധാന്തത്തെ അനുസരിച്ചു നമ്മുടെ കൃത്യത്തെ നിർവ്വഹിക്കുവാനാണ് ഈ ഗ്രന്ഥത്തിന്റെ കാര്യത്തിൽ പ്രത്യക്ഷപ്പെട്ട വിഷമം.

മിസ്റ്റർ പിള്ളയുടെ ജീവചരിത്രം സംക്ഷിപ്തമായിട്ടു മാത്രമേ ഇതിൽ പ്രസ്താവിച്ചിട്ടുള്ളു. വിശാലഹൃദയനായ ആ മഹാനുഭാവൻ സാഹിത്യരംഗത്തിലും രാഷ്ട്രീയരംഗത്തിലും സ്തുത്യർഹമായി ചെയ്തിട്ടുള്ള പ്രവൃത്തികളെ സവിസ്തരം വിവരിക്കുന്ന ഒരു ചരിത്രത്തിൽനിന്നല്ലാതെ ഇദ്ദേഹത്തിന്റെ സ്വാഭാവികശക്തികളേയും പ്രത്യേക അഭിരുചികളേയും കുറിച്ചു ജനങ്ങൾക്കു ന്യായമായും പൂർണ്ണമായും ഗ്രഹിക്കുവാൻ സാ

ദിക്കുന്നതല്ല. എന്നാൽ നമ്മുടെ നായികാനായകന്മാരുടെ ദാമ്പത്യകാലത്തെ സംഭവങ്ങളിൽ നിന്ന് ആ വിശിഷ്ടപുരുഷന്റെ ഉത്തമജീവിതത്തെ ഏറെക്കുറെ അനുമാനിക്കാൻ കഴിയുന്നതാണ്. ആ അനുമാനങ്ങൾ മാത്രമാകുന്നു 'സ്മരണകളെ' ക്കുറിച്ചുള്ള ഈ നിരൂപണം.

നമ്മുടെ കഥാനായകനെ കുറിച്ചു ഞാൻ കേട്ടുതുടങ്ങീട്ട് ഏകദേശം ഇരുപതു കൊല്ലമായി; എങ്കിലും, നേരിട്ടു കണ്ട് അദ്ദേഹത്തോടു സംസാരിക്കാനുള്ള ഭാഗ്യം എനിക്കു സിദ്ധിക്കയുണ്ടായില്ല. നമ്മുടെ ഗ്രന്ഥകർത്രി ഒരവസരത്തിൽ പറഞ്ഞ അഭിപ്രായം തന്നെയായിരുന്നു എനിക്കും അദ്ദേഹത്തിന്റെ പ്രായത്തെക്കുറിച്ചുണ്ടായിരുന്ന വിചാരം. ഇത്ര വളരെ കാലം മുമ്പു പ്രസിദ്ധനായി കേട്ടിട്ടുള്ള ഒരാൾ "ഇത്ര ചെറുപ്പക്കാരനാണെന്നു ഞാൻ കരുതിയിരുന്നില്ല." വാസ്തവത്തിൽ "കുറെ പ്രായംചെന്ന ആളായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചിരുന്നത്." അദ്ദേഹത്തിന്റെ കീർത്തി പ്രായാതീതമായിരുന്നു എന്നു "സ്മരണകൾ" വായിച്ചപ്പോഴേ എനിക്കു മനസ്സിലായുള്ളു.

പത്രപ്രവർത്തനം പ്രകൃത്യാ ഹിതമായ പ്രവൃത്തിയായിത്തീർന്നിട്ടുള്ള പത്രാധിപർ മലയാളത്തിൽ മിസ്റ്റർ പിള്ള മാത്രമേ ഉണ്ടായിട്ടുള്ളു. നമ്മുടെ സാധാരണ പത്രാധിപന്മാരും മിസ്റ്റർ പിള്ളയും തമ്മിലുള്ള വ്യത്യാസം ഇതാകുന്നു. പത്രപ്രവർത്തനവിഷയത്തിൽ സ്വാഭാവികമായ അഭിരുചിയോടുകൂടിയ ഒരു പത്രാധിപരെ മാത്രമേ അന്യമായ ലാഭോദ്ദേശങ്ങൾ തന്റെ കർത്തവ്യകർമ്മങ്ങളിൽനിന്ന് ആകർഷിക്കാതിരിക്കയുള്ളു. പത്രപ്രവർത്തനം മൂലം തന്റെ ഭവനത്തിൽനിന്നു മാതുലനാൽ ബഹിഷ്കൃതനായിട്ടും ഗവർമ്മേണ്ടുദ്യോഗവും മററും നീട്ടിക്കാണിച്ചിട്ടും പലവിധമായ ബുദ്ധിമുട്ടുകൾ അനുഭവിച്ചിട്ടും തന്റെ ജീവിതോദ്ദേശം സ്വാർത്ഥപരിത്യാഗത്തോടുകൂടിയ പത്രപ്രവർത്തനംകൊണ്ടു പൊതുജനക്ഷേമത്തേയും സ്വരാജ്യോൽക്കർഷത്തേയും സമ്പാദിക്കുകയാണെന്ന ദൃഢവിശ്വാസത്തോടുകൂടി പ്രവർത്തിച്ചിട്ടുള്ള മലയാളി ഇതേവരേ മററാരും തന്നെ ഉണ്ടായിട്ടില്ല. പ്രശസ്തന്മാരായ ഗാന്ധി, ടിലാക്ക്, ഗോഖലെ മുതലായ മഹാശയന്മാർ സ്വാർത്ഥപരിത്യാഗികളാണെങ്കിലും, ലൌകികോദ്ദേശങ്ങൾ സാധിക്കുന്നതിന് അത്യന്താപേക്ഷിതമായ ദ്രവ്യം അവർക്ക് അധീനമായിരുന്നതിനാൽ, ആ ഒരു ക്ലേശം അവരെ ബാധിച്ചിട്ടില്ല. എന്നാൽ മിസ്റ്റർ പിള്ളയുടെ സ്ഥിതി അങ്ങിനെയായിരുന്നില്ല. നിത്യവൃത്തിക്കു കൂടെ ആ മഹാനുഭാവൻ ദിവസേന പ്രയത്നിക്കേണ്ടിയിരുന്നു. സ്വരാജ്യക്ഷേമത്തിലും പരോപകാരത്തിലും മാത്രം മനസ്സിനെ ഏകാഗ്രമാക്കി പ്രവർത്തിച്ചിരുന്നതിനാൽ, ബാഹ്യമായ മററു ക്ലേശങ്ങളൊന്നും അദ്ദേഹം ആന്തരമായി അനുഭവിച്ചിരുന്നില്ല. മിസ്റ്റർ രാമകൃഷ്ണപിള്ള യഥാർത്ഥമായ പത്രധർമ്മത്തെ ലംഘിച്ച് ഒന്നുംതന്നെ പത്രപംക്തികളിൽ പ്രസ്താവിച്ചിരുന്നില്ലെങ്കിലും, അദ്ദേഹത്തിന്റെ സ്ഥൈര്യത്തേയും മഹത്തായ ഉദ്ദേശത്തേയും പൂർണ്ണമായി ഗ്രഹിക്കാൻ കഴിഞ്ഞിരുന്ന ചില ലൌകികനയവിശാരദന്മാരായ സ്നേഹിതന്മാർ അദ്ദേഹത്തിന്റെ പത്രത്തിന്റെ നയവും സ്വരവും ഭേദപ്പെട്ട

ഒത്തണമെന്ന് ഉപദേശിച്ചിട്ടും കൂടെ, പത്രധൎമ്മത്തിന്ന വിപരീതമായി പ്രവൎത്തിക്കില്ലെന്ന സിദ്ധാന്തത്തെ അദ്ദേഹം സൎവാത്മനാ ആദരിച്ചതേയുള്ളു. നമ്മുടെ കഥാനായകൻ പ്രവൎത്തിച്ചിട്ടുള്ളതെല്ലാം പത്രാധിപന്മാൎക്ക വിലയേറിയ പാഠങ്ങളാകുന്നു. അതുകൊണ്ട് അദ്ദേഹം ഒരു മാതൃകാപത്രാധിപരായിരുന്നു എന്നതിന്ന സംശയമില്ല.

നമ്മുടെ കഥാനായകൻ സ്വരാജ്യക്ഷേമത്തെ ഉദ്ദേശിച്ച് ഓരോ അവസരങ്ങളിൽ എഴുതീട്ടുള്ള ലേഖനങ്ങളുടെ ഔജ്ജ്വല്യവും ഉദ്ദേശങ്ങളുടെ ഉൽകൃഷ്ടതയും ആലോചിക്കുമ്പോൾ, ലോകപ്രസിദ്ധനായ 'സ്റ്റെഡ്'നെ ഓൎക്കാതിരിക്കുന്നതല്ല. തന്റെ ആത്മമിത്രങ്ങളെപ്പോലും അവരുടെ പ്രവൃത്തി പൊതുജനക്ഷേമത്തിന്നും തന്റെ നിശ്ചയങ്ങൾക്കും വിപരീതമാണെന്നു തനിക്കു ബോദ്ധ്യംവന്നാൽ, ദാക്ഷിണ്യരഹിതമായി ആക്ഷേപിക്കുന്നതിന്നും ശിക്ഷിപ്പിക്കുന്നതിന്നും മിസ്റ്റർ സ്റ്റെഡ് ഒരിക്കലും മടിച്ചിരുന്നില്ല. അതുപോലെ തന്നെയായിരുന്നു നമ്മുടെ കഥാനായകനും. പക്ഷെ, സ്റ്റെഡിന്റെ ആക്ഷേപങ്ങൾക്കു പാത്രീഭവിച്ചിട്ടുള്ളവർ അന്യന്റെ സദ്ഗുണങ്ങളെ അനുഗ്രഹബുദ്ധ്യാ ഗ്രഹിക്കുവാൻ തക്ക ഉദാരന്മാരായിരുന്നതിനാൽ, അദ്ദേഹത്തിന്ന നീചബുദ്ധികളായ ശത്രുക്കളുണ്ടായില്ല. അവർ നിമിത്തം അനൎത്ഥമായ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിയും വന്നില്ല. എന്നാൽ, "പുരുഷധൎമ്മം മറന്നും മനസ്സാക്ഷിക്കു വിപരീതമായും ഞാൻ ഇജ്ജന്മം പ്രവൎത്തിക്കയില്ല" എന്ന സ്ഥിരനിശ്ചയത്തോടു കൂടിയ പിള്ളയുടെ കഷ്ടപ്പാടുകൾ ഉണ്ടായ കാരണം എന്താണെന്ന് എല്ലാവൎക്കും അറിയാമല്ലോ.

നമ്മുടെ സാഹിത്യലോകത്തിൽ മിസ്റ്റർ രാമകൃഷ്ണപിള്ള പ്രധാനമായ ഒരു സ്ഥാനത്തെ അൎഹിക്കുന്നുണ്ടെന്നതിന്ന സംശയമില്ല. ഒരു ഉത്തമ ഗ്രന്ഥകൎത്താവിന്റെ നിലയിലും വിമൎശകന്റെ നിലയിലും അദ്ദേഹം എഴുതീട്ടുള്ളവയെല്ലാം ആ പണ്ഡിതന്ന മാതൃഭാഷയെക്കുറിച്ചു നിൎവ്യാജമായുണ്ടായിരുന്ന സ്നേഹത്തേയും വാത്സല്യത്തേയും പ്രത്യക്ഷപ്പെടുത്തുന്നതാണ്. വല്ലവരുടേയും 'മടിപിടിച്ച കണ്ണോടു കണ്ടു' മാനംനേടുന്ന സ്വഭാവം അദ്ദേഹത്തിന്ന ലേശംപോലുമുണ്ടായിരുന്നില്ല. വല്ലവരുടേയും പ്രയത്നഫലം തന്റെ ബഹുമാനത്തിന്ന മാൎഗ്ഗമാക്കിത്തീൎക്കുവാൻ അദ്ദേഹം ഒരിക്കലും ശ്രമിച്ചിട്ടില്ലെന്നു മാത്രമല്ല, അങ്ങിനെ ചെയ്യുന്നവർ അദ്ദേഹത്തിന്റെ ശത്രുക്കളായിത്തീൎന്നിട്ടുമുണ്ട്. ഗ്രന്ഥനിരൂപണവിഷയത്തിൽ "പണം നോക്കിനു മുഖം നോക്കില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം. "ദോഷഭൂയിഷ്ഠങ്ങളായ ഗ്രന്ഥങ്ങൾ ഭാഷയേയും വായനക്കാരുടെ മനസ്സിനെയും ദുഷിപ്പിക്കയല്ലാതെ യാതൊരു ഗുണവും ചെയ്കയില്ല. ഒരു സൽഗ്രന്ഥകാരനാകട്ടെ, ഗ്രന്ഥത്തിലെ ദോഷങ്ങൾ ചൂണ്ടിക്കാണിച്ചാൽ അവയെ അടുത്ത സന്ദൎഭത്തിൽ തിരുത്തുവാൻ ശ്രമിക്കും. ദോഷങ്ങൾ ഏറിയും ഗുണം കുറഞ്ഞും കാണുന്ന ഗ്രന്ഥങ്ങളിലെ ഗുണഭാഗങ്ങളെ പ്രത്യേകം എടുത്തു പറയുന്നതായാൽ തൽകൎത്താവു ഗൎവ്വിഷ്ഠനാകാനാണ് അധികം എളുപ്പം. ദോഷഭാഗങ്ങൾ വെളിപ്പെടുത്തുന്നതിനാൽ ഭഗ്നോത്സാഹന്മാരാകുന്ന

ഗ്രന്ഥകാരന്മാർ സാഹിത്യഭീരുക്കളാണ്; അങ്ങിനെയുള്ളവർ സാഹിത്യലോകത്തിൽനിന്നു സ്വയം അന്തൎദ്ധാനം ചെയ്യുന്നതാണ് ഉത്തമം". ഗ്രന്ഥനിരൂപണത്തെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ഈ അഭിപ്രായപ്രകാരമാണ് അദ്ദേഹം പ്രവൎത്തിച്ചിരുന്നത്. ഈ നിശ്ചയം ചില സാഹിത്യഭീരുക്കളെ അദ്ദേഹത്തിന്റെ ശത്രുക്കളാക്കിത്തീൎക്കാതെയുമിരുന്നിട്ടില്ല.

രാജ്യഭ്രംശത്തെ സംബന്ധിച്ച്, അദ്ദേഹം, "തിരുവിതാംകൂറിനോടുള്ള എന്റെ ബന്ധം വേർപെട്ടു. മാതൃഭൂമിയോടുള്ള എന്റെ കടമ ഞാൻ നിൎവ്വഹിച്ചുകഴിഞ്ഞു. എനിക്കിനി അവിടേയ്ക്കു മടങ്ങി പോകേണമെന്ന് ആഗ്രഹമില്ല; അതിന്ന് ഇടവരുകയുമില്ല." എന്നു പറഞ്ഞതിൽനിന്ന് അദ്ദേഹം സ്വരാജ്യത്തിനുവേണ്ടി പ്രവൎത്തിച്ചിരുന്നതിന്റെ ഉദ്ദേശം എത്രയും മഹത്തരവും നിൎമ്മലവുമായിരുന്നു എന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. അദ്ദേഹത്തിന്റെ പ്രവൃത്തികളെ പ്രേരിപ്പിച്ച ഉദ്ദേശങ്ങളിൽ അല്പമെങ്കിലും സ്വാൎത്ഥവിചാരം ഉണ്ടായിരുന്നെങ്കിൽ, സാധാരണജനങ്ങൾ സംശയിച്ചിരുന്നതുപോലെ, രാജ്യഭ്രഷ്ടനായി മദ്രാസിൽ താമസിച്ചിരുന്ന കാലത്ത് അവിടത്തെ പ്രതിദിനപത്രങ്ങൾ മുഖേന ദ്വേഷത്തോടുകൂടി തന്റെ ശത്രുക്കളോടു പ്രതിക്രിയ ചെയ്വാൻ നിശ്ചയമായും ശ്രമിച്ചേനെ. സ്വാൎത്ഥോദ്ദേശത്തോടുകൂടിയ പ്രവൃത്തികൾക്കു വിഘ്നം സംഭവിക്കുമ്പോഴാണ് മനുഷ്യൎക്കു പ്രതിക്രിയേച്ഛ ഉണ്ടാകുന്നത്. നമ്മുടെ കഥാനായകൻ രാജ്യഭ്രംശാനന്തരം തിരുവിതാംകൂർരാജ്യകാൎയ്യത്തെക്കുറിച്ചു മൌനം ദീക്ഷിച്ചിരുന്ന ഒരൊററ സംഗതിയിൽനിന്നു തന്നെ ജനങ്ങൾക്ക് അദ്ദേഹത്തിന്റെ ഉദ്ദേശനൈൎമ്മല്യം കുറിച്ചു ഗ്രഹിക്കാവുന്നതാണല്ലോ. "എന്നാൽ ഇപ്പോഴത്തെ സംഭവത്തെപ്പററി നിങ്ങളാരും വ്യസനിപ്പാനോ, മററാരേയും കുററംപറവാനോ ഇല്ല; ഈശ്വരേച്ഛ തടുത്തുകൂടാത്തതാണ്" എന്നു പൂൎണ്ണബോദ്ധ്യമുണ്ടായിരുന്ന ആ മഹാമനസ്കൻ മററുള്ളവരെപ്പോലെ ചാപല്യം കാണിക്കാഞ്ഞതിനെക്കുറിച്ചു ഒട്ടും അത്ഭുതപ്പെടുവാനില്ല.

മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ ആസ്തികത്വം ക്രിത്രിമമോ ബാഹ്യമോ ആയിരുന്നില്ല. ലോകത്തിൽ മനുഷ്യരുടെ അനുഭവങ്ങൾ ഈശ്വരേച്ഛയാണെന്നും അതു സദാ സദുദ്ദേശത്തോടുകൂടിയതാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഈ വിശ്വാസത്തിന്നു പ്രത്യേകം ഒരു ദാൎഢ്യവും ഉണ്ടായിരുന്നു. "നൈരാശ്യത്താൽ ഈശ്വരവിശ്വാസം പോലുമില്ലാതായിത്തീൎന്ന എന്റെ മനസ്സിനെ സമാധാനപ്പെടുത്തുന്നതിനും ഈശ്വരങ്കൽ തിരിക്കുന്നതിനും ഭൎത്താവു വളരെ പണിപ്പെടേണ്ടിവന്നു" എന്നു ഗ്രന്ഥകൎത്രിതന്നെ പറയുന്നുണ്ട്. ആപത്തുകൾ മേല്ക്കുമേൽ സംഭവിച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ മനസ്സു പതറാതെ ഈശ്വരന്റെ സദുദ്ദേശത്തിലും ഔദാൎയ്യത്തിലും ദൃഢവിശ്വാസമുള്ള ഒരുവനല്ലാതെ മേല്പറഞ്ഞവിധം ഉപദേശിക്കുവാനോ സഹിഷ്ണുത പ്രദൎശിപ്പിക്കുവാനോ സാധിക്കുന്നതല്ല. "കഴിഞ്ഞകാൎയ്യങ്ങളെ മറക്കുക, ഭാവിയെപ്പററി ചിന്തിച്ചു ക്ലേശിക്കാതി

രിക്കുക, തല്ക്കാലസംഭവങ്ങളെ സുഖമായാലും ദുഃഖമായാലും ക്ഷമയോടെ അനുഭവിക്കുക" — എന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം. നേരേമറിച്ചു, കഴിഞ്ഞതിനേയും വരാൻ പോകുന്നതിനേയും കുറിച്ചു ക്ലേശിക്കുന്ന ഒരുവനായിരുന്നു അദ്ദേഹമെങ്കിൽ, അദ്ദേഹത്തിന്റെ ജീവിതകാലത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ശതാംശംപോലും ചെയ്യാൻ സാധിക്കുന്നതല്ലായിരുന്നു. വിക്ടർഹ്യൂഗൊ പറഞ്ഞതുപോലെ, "നാളത്തെ കാര്യം ഈശ്വരന്റെ ഭാരമാണ്; ഇന്നത്തെ കാര്യം മാത്രമേ താൻ ആലോചിക്കേണ്ടതുള്ളൂ", എന്നായിരുന്നു മിസ്റ്റർപിള്ളയുടെയും നിശ്ചയം. ലോകത്തിൽ പ്രവൃത്തിചെയ്യേണ്ടുന്ന എല്ലാമനുഷ്യരും ഈ തത്വം ആദരിക്കേണ്ടതാകുന്നു.

നമ്മുടെ കഥാനായകൻ മനുഷ്യജീവിതത്തിന്റെ സൂക്ഷ്മസ്ഥിതി പൂർണ്ണമായി ഗ്രഹിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ, "ദുഃഖങ്ങളും ഇച്ഛാഭംഗങ്ങളും കൊണ്ടാണ് നമ്മുടെ ജീവിതത്തെ അളക്കേണ്ടത് എന്നറിയുക. നമ്മുടെ ജീവിതയാത്രയിലെ നാഴികക്കല്ലുകൾ മേല്പറഞ്ഞവയാണ്" എന്ന് അദ്ദേഹം പറയുന്നുണ്ട്. ലൗകികമായ സംഭവങ്ങൾ ഈശ്വരേച്ഛയാണെന്നും മനുഷ്യൻ അവയെ തൃപ്തിപ്പെടുത്തുന്ന ഒരു യന്ത്രം മാത്രമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. നായികാനായകന്മാരുടെ വിവാഹകാര്യത്തിൽ 'ജാതകത്തിനു പൊരുത്തമില്ലാ' എന്ന ന്യൂനതയെ അദ്ദേഹം ഗണ്യമാക്കാത്തതിനു കാരണം മേൽപറഞ്ഞ വിശ്വാസമാകുന്നു. ദൃഷ്ടാന്തയോഗ്യമായ ഈ മനോഗതിയെ അദ്ദേഹം വേറെ ഒരു സന്ദർഭത്തിൽ ഇങ്ങനെ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു:— "ദുഃഖങ്ങൾ എല്ലായ്പ്പോഴും ദൈവശിക്ഷയുടെ ഫലമാണെന്നു വിചാരിച്ചു ഖേദിക്കേണ്ട; ഓരോ ദുഃഖവും ഓരോ പരീക്ഷയാണ്; ഈ പരീക്ഷയിൽനിന്നു നമ്മുടെ സ്വഭാവസംസ്കരണത്തിനുതകുന്ന പല ഗുണങ്ങളും ലഭിക്കുന്നു. സർവ്വകലാശാലയിൽനിന്ന് ഏർപ്പെടുത്തീട്ടുള്ള പരീക്ഷയിൽ ജയിച്ചാൽ നമ്മുടെ ലൗകികപദവിക്ക് ഒരു ക്ലാസ് കയറ്റം കിട്ടും. ഈശ്വരൻ ഏർപ്പെടുത്തീട്ടുള്ള ദുഃഖപരീക്ഷയെ ക്ഷമയോടുകൂടെ കടന്നുകൂടുന്നതായാൽ 'ആത്മാവിനു മോക്ഷപന്ഥാവിൽ' ഒരു പടി കയറ്റം ലഭിക്കും". ഐഹികദുഃഖങ്ങൾ ദൈവശിക്ഷയാണെന്നു വിചാരിക്കുന്നതായാൽ, ദൈവം നിർദ്ദാക്ഷിണ്യനായ ഒരു ജഡ്ജിയാണെന്നു മാത്രമേ നമുക്ക് അദ്ദേഹത്തിനെക്കുറിച്ചു വിചാരമുണ്ടാവുള്ളൂ. തന്മൂലം നാം അദ്ദേഹത്തെ ഭയപ്പെടുകയല്ലാതെ സ്നേഹിക്കുന്നതല്ല. ഈ അവസ്ഥ മനുഷ്യന്റെ സുഖജീവിതത്തിനും മോക്ഷത്തിനും ഹാനികരവുമാകുന്നു. അതുകൊണ്ടു പരീക്ഷകൾ ഒരുവന്റെ ത്രാണിയെ പ്രത്യക്ഷപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളാകയാൽ, ദുഃഖങ്ങൾ ലോകത്തിൽ ജീവിക്കുവാൻ നമ്മെ സമർത്ഥരാക്കിത്തീർക്കുന്ന സംഗതികളാണെന്ന് അനുഭവസിദ്ധി ലഭിച്ച മഹാന്മാരുടെ ജീവിതത്തിൽനിന്നു നാം പഠിക്കേണ്ടതാകുന്നു. "ദീനത്തിനു ഭേദമില്ലെന്നു വിചാരിക്കുകയല്ലാ, അധികമായില്ലെന്നു കണ്ടു സമാധാനപ്പെടുകയാണ് വേണ്ടത്. ബാധപ്പെട്ടാൽ മീശ വരാ" എന്ന് അദ്ദേഹം വേറെ ഒരു സന്ദർഭത്തിൽ പറഞ്ഞതി

ൽനിന്ന് ഈശ്വരേച്ഛയ്ക്കനുരൂപമായ അവസ്ഥാന്തരങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സംതൃപ്തിയും അവയെ ക്ഷമിക്കുവാനുള്ള ശാന്തതയും പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. "ഭാവിയെപ്പററി ചിന്തിക്കേണ്ടേ?" എന്നു ചില 'ആഷാഢഭൂതികൾ' ചോദിച്ച അവസരത്തിൽ "എന്റെ ഭാവി ഈശ്വരൻ രൂപപ്പെടുത്തിക്കൊള്ളും. അതിനെപ്പററി ചിന്തിച്ചു ക്ലേശിപ്പാനോ, തന്നിമിത്തം തന്റെ കടമയെ മറന്നു പ്രവർത്തിപ്പാനോ ഞാൻ ഒരുക്കമില്ല" എന്നായിരുന്നു അദ്ദേഹം പറഞ്ഞ മറുപടി. ഇതിൽനിന്നു നാം ഗ്രഹിക്കുന്നതു കർത്തവ്യങ്ങൾ നിർവ്വിഘ്നം നിർവ്വഹിക്കുക മാത്രമാണ് നമ്മുടെ മുറയെന്നും അവയുടെ ഭാവിഫലത്തെക്കുറിച്ചു ചിന്തിക്കേണ്ട ആവശ്യമില്ലെന്നുമാണല്ലോ. നേരെമറിച്ചു, ഫലം പ്രതീക്ഷിച്ചുകൊണ്ടുള്ള പ്രവൃത്തികൾ, ലൗകികാനുഭവങ്ങളെ അപേക്ഷിച്ച്, അപൂർണ്ണങ്ങളും തന്മൂലം നിഷ്ഫലങ്ങളുമായിത്തീരുവാനേ വഴിയുള്ളൂ. ഒരു ഉത്തമപുരുഷന്റെ ജീവിതം മററുള്ളവർക്കു സ്വീകാര്യമായ പാഠമായിത്തീരുമെങ്കിൽ, നമ്മുടെ കഥാനായകന്റെ ജീവിതം നമുക്കു നാനാപ്രകാരേണയും ദൃഷ്ടാന്തയോഗ്യവും അനുകരണീയവുമാകുന്നു.

(തുടരും)

തൃപ്പൂണിത്തുറ--

കുപ്പക്കാട്ട് നാരായണമേനോൻ.

## മദ്യപാനനിരോധം.

ഈ ഘോരസമരകാലത്ത് യൂറോപ്പിൽ പല ഭാഗങ്ങളിലും മദ്യപാനനിരോധത്തെ സംബന്ധിച്ചു പരിശ്രമങ്ങളും നടപടികളും മുറയ്ക്കു നടക്കുന്നുണ്ട്. ഗവർമ്മെണ്ടിലേയ്ക്കുള്ള വലിയ ലാഭത്തെ വിസ്മരിച്ചു, വിസ്തീർണ്ണമായ റഷ്യാസാമ്രാജ്യത്തിലെങ്ങും മദ്യം വിററുകൂടെന്ന് അവിടത്തെ ചക്രവർത്തി കല്പിച്ചിരിക്കുന്നു. നമ്മുടെ ചക്രവർത്തി തിരുമനസ്സുകൊണ്ടും അനേകം ഇംഗ്ലീഷ് പ്രഭുക്കന്മാരും തങ്ങളുടെ വസതികളിൽനിന്നു മദ്യത്തെ ബഹിഷ്കരിച്ചിരിക്കുന്നു. സകല ജനങ്ങൾക്കും, പ്രത്യേകിച്ചു കൂലിവേലക്കാർ, യോദ്ധാക്കൾ, യുദ്ധസാമഗ്രികൾ ഉണ്ടാക്കുവാൻ ഏർപ്പെട്ടിരിക്കുന്നവർ മുതലായവർക്ക്, മദ്യം സേവിച്ചുകൊണ്ടു ചെയ്യാവുന്നതിൽ അധികം ജോലി മദ്യസേവ ഇല്ലാതിരുന്നാൽ ചെയ്യാമെന്നുള്ളതാണ് ഈ നിരോധത്തിനു കാരണം. ലോകരുടെ ശ്രദ്ധ സവിശേഷം പതിഞ്ഞിരിക്കുന്ന ഈ വിഷയത്തിൽ കേരളീയരായ നാമും കഴിയുന്നതു പ്രവർത്തിക്കേണ്ടതാണ്.

മദ്യപാനത്തിന്റെ ദോഷങ്ങളെക്കുറിച്ചു ദീർഘമായി പ്രതിപാദിക്കേണ്ട ആവശ്യകത ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. മദ്യം ആത്മാവിനേയും ആരോഗ്യത്തേയും സമ്പത്തിനേയും നശിപ്പിക്കും. അതു സേവിക്കുന്ന യോദ്ധാവിനും സേവിക്കാത്ത യോദ്ധാവിനും യുദ്ധത്തിൽ ഒരേതരം മുറിവുപററി എന്നിരിക്കട്ടെ. മദ്യം സേവിക്കാത്ത യോദ്ധാവിന്റെ മുറിവു മററെ ആളുടെ മുറിവിനെക്കാൾ വേഗത്തിൽ ശമിക്കുമെന്ന് അനുഭവം കൊ

ണ്ടു കണ്ടിരിക്കുന്നു. മദ്യസേവകൊണ്ടു ദഹനശക്തി ഇല്ലാതെയാകും; ക്ഷയരോഗത്തിനും അകാലമരണത്തിനും ഇടയാകും. കുടിയന്റെ സന്തതികൾ പ്രായേണ ശിശുപ്രായത്തിൽ തന്നെ മരിക്കും. മദ്യപാനം ബുദ്ധിയുടെ തന്റേടം ഇല്ലാതെയാക്കി ദുഷ്പ്രവൃത്തികൾക്കു പ്രേരണ നൽകുന്നു. ഒരു കുടിയൻ നിമിത്തം അയാളുടെ അമ്മയച്ഛന്മാർ, ഭാര്യ, സഹോദരസഹോദരിമാർ, സ്നേഹിതന്മാർ, അയൽവാസികൾ മുതലായവർ ദുഃഖം അനുഭവിക്കുന്നു. കായികമായ ജോലികൾ വിഘ്നം വരുത്തുന്നതുപോലെ തന്നെ മാനസികജോലികളും മദ്യപാനം തടസ്ഥമായി നില്ക്കുന്നു. കുടിക്കുന്ന ഒരു യുവാവിനെ മേലാവിൽനിന്നു വലിയ ഉദ്യോഗം വല്ലതും ഭരമേൽപ്പിക്കുമെന്ന് ആരും ശങ്കിക്കേണ്ട. വേറൊരു ദോഷം മദ്യപാനം പാരമ്പര്യവഴിയിൽ തുടന്നുകൊണ്ടിരിക്കും എന്നുള്ളതാണ്. അച്ഛൻ കുടിയനാണെങ്കിൽ പ്രായേണ മകനും കുടിയനായിവരും.

ഇത്തരം ദോഷങ്ങൾ മദ്യപാനത്തിനുണ്ടെന്ന് അറിയാത്തവരായി നമ്മുടെ ഇടയിൽ വല്ലവരും ഉണ്ടോ? ആരും ഉണ്ടെന്നു തോന്നുന്നില്ല. പിന്നെ എന്തുകൊണ്ടാണ് നമ്മുടെ നാട്ടിൽ കുടിക്കു ശമനം വരാത്തത്? കുടിയും അതുപോലെയുള്ള മറ്റു ദോഷങ്ങളും നമ്മിൽനിന്ന് അകറ്റുന്നതിനു നമ്മുടെ ഭാഗത്തു കഠിനമായ പരിശ്രമം അപേക്ഷിതമാണ്. മനുഷ്യപ്രകൃതി ദോഷത്തിലേക്കു ചാഞ്ഞതാണിരിക്കുന്നത്. ഇതോടുകൂടി മനുഷ്യബലഹീനതയും ചേർന്നാൽ വീഴ്ചയ്ക്ക് എളുപ്പമായി. വീഴ്ചയെ തടുക്കണമെങ്കിൽ നമ്മുടെ അക്ഷീണപരിശ്രമത്തിനു പുറമെ സംഗതിയുടെ യഥാർത്ഥമായ ഗ്രഹണവും, ദൃഢമായ ദൈവവിശ്വാസവും പ്രാർത്ഥനയും ജാഗ്രതയും അത്യാവശ്യമാണ്. ഇക്കാര്യത്തിൽ അലസത കാണിക്കുന്നതുകൊണ്ടാണ് വിദ്യാഭ്യാസം സിദ്ധിച്ചവരും സിദ്ധിക്കാത്തവരും ഒന്നുപോലെ ദോഷങ്ങൾക്ക് അടിമപ്പെട്ടുപോകുന്നത്. എല്ലാ ദോഷങ്ങളും സ്വല്പമായി തുടങ്ങി അധികമായി അവസാനിക്കും. അതുകൊണ്ട് ആരംഭത്തിലാണ് പ്രതിശാന്തി ചെയ്യേണ്ടത്. ലഹരി കുറഞ്ഞ വീഞ്ഞുപോലും തൊടാതെ ശീലിക്കുന്നതു നല്ലതാണ്. പാശ്ചാത്യപരിഷ്കാരം മൂലമുണ്ടായ അനവധി ഗുണങ്ങളുടെ കൂടെ നിർഭാഗ്യവശാൽ ഇഴഞ്ഞുകയറി വരികയോ സ്വാധുത്വം കല്പിക്കപ്പെടുകയോ ചെയ്ത ഒരു ദോഷമാണ് മദ്യപാനം. വിദ്യാഭ്യാസം സിദ്ധിച്ചവൻ കുടിക്കുന്നതുകണ്ടാൽ വിദ്യാഭ്യാസം സിദ്ധിക്കാത്തവന് അതൊരു ഒഴികഴിവായി. വിദ്യാഭ്യാസം സിദ്ധിച്ചവനു പാകത്തിൽ കൂടുതലായി കുടിക്കാതിരിപ്പാൻ ചിലപ്പോൾ സാധിച്ചെന്നു വരാം. മറ്റവന് അതു സാധിക്കാതെ അവൻ കീഴ്പ്പോട്ടു പോകുന്നു. അതുകൊണ്ടു വിദ്യാഭ്യാസം സിദ്ധിച്ചവർ ബലഹീനന്മാരായ മറ്റുള്ളവരെ ഓർത്തിട്ടെങ്കിലും കുടിക്കാതിരിക്കുവാൻ ശ്രമിക്കേണ്ടതാണ്. മറ്റുള്ളവർക്ക് ഈ ശ്രമം ഒരു പാഠവും മാതൃകയും ആയിരിക്കുന്നതുമാണ്. പാകത്തിനു മാത്രം കുടിക്കുവാൻ നമുക്ക് എല്ലായ്പ്പോഴും സാധിക്കുമെന്നു വിചാരിക്കുന്നത് അബദ്ധമാകുന്നു. ഇതുപോലെതന്നെ വിചാരിച്ചവരും ഇപ്പോൾ കാലഗതിയെ പ്രാപിച്ചവരും ആയ ന്യായാധിപതിമാർ, പുരോഹിതന്മാർ, വൈദ്യന്മാർ മുതലായവ

ക്ക് ഇതിനു സാധിച്ചിട്ടില്ല.

താണജാതിക്കാരായ പുലയൻ, പറയൻ, മുതലായവരാണ്, വീണ്ടെടുക്കപ്പെടുവാൻ മിക്കവാറും അസാദ്ധ്യമെന്ന നിലയിൽ മദ്യപാനത്തിനു വശംവദരായിരിക്കുന്നത്. അജ്ഞാനവും പകൽ മുഴുവനും ഉള്ള അദ്ധ്വാനവുമാണ് ഇതിന്റെ കാരണങ്ങൾ. തങ്ങളുടെ കഷ്ടപ്പാട് സ്വല്പനേരത്തെയ്ക്കെങ്കിലും മറന്നുപോകുവാൻ ഇടവരുത്തുന്ന മദ്യസേവയെ അവർ ആർത്തിയോടെ സ്വീകരിക്കുന്നു. നല്ല വിദ്യാഭ്യാസം, സദാചാരം എന്നിവ പ്രദാനംചെയ്യുക, തീണ്ടൽ, തൊടൽ എന്നിവയുടെ കാഠിന്യം കുറയ്ക്കുക, സന്തോഷസഹകരണങ്ങൾ പ്രദർശിപ്പിക്കുക മുതലായവയാൽ ഈ സ്ഥിതിയിൽ നിന്ന് അവരെ കരകയറുവാൻ ഉയർന്നജാതിക്കാർ ശ്രമംചെയ്യാത്ത കാലത്തോളം അതൊരു ക്ഷന്തവ്യമല്ലാത്ത കുററമായി ഉയർന്നജാതിക്കാരിൽ സ്ഥിതിചെയ്യുന്നതാണ്, സംശയമില്ല.

ഇന്നിന്ന ജാതിമതസ്ഥന്മാരിലാണ് കൂടി അധികമായി വർദ്ധിച്ചുകാണുന്നത് എന്ന് ഇവിടെ പ്രത്യേകിച്ച് എടുത്തുപറയേണ്ട ആവശ്യമില്ല. അത് അവരവർ തന്നെത്താൻ ലജ്ജയോടെ സമ്മതിച്ചുകൊള്ളും. ഈ വിഷയത്തിൽ മാതൃകയായി നില്ക്കേണ്ട സമുദായക്കാരും പ്രമാണികളും എത്രപടി താഴെയാണ് നില്ക്കുന്നത്! എല്ലാ സമുദായങ്ങളിലേയും ചെറുപ്പക്കാരുടെ ശ്രദ്ധയെ ഇക്കാര്യത്തിലേയ്ക്കു ക്ഷണിച്ചുകൊള്ളുന്നു. അവർ സ്വദേശത്തു "മദ്യപാനനിരോധസംഘം" സ്ഥാപിക്കയും തങ്ങൾ ലഹരിയുള്ള യാതൊരു വസ്തുവും ഒരിക്കലും ഉപയോഗിക്കയില്ലെന്നു ശപഥംചെയ്യുകയും, പൊതുജനങ്ങളുടെ ഇടയിൽ സംഘത്തെപ്പററി ഉൽകൃഷ്ടമായ ഒരു ധാരണ വരുത്തുകയും ചെയ്യുവാൻ കഴിയുന്നതാണ്. തന്മൂലം ശ്രേഷ്ഠസമൂഹങ്ങളിൽ മദ്യത്തിനു സ്ഥാനം ഇല്ലാതെയായിത്തുടങ്ങും; സന്ധ്യയ്ക്കു കള്ളുഷാപ്പിൽ കൂടുന്നവരെ വായനശാലയോ പാട്ടുകച്ചേരിയോ മറേറാ വഴിയായി നല്ല സംസർഗ്ഗത്തിലേയ്ക്കും ദോഷരഹിതമായ വിനോദങ്ങളിലേയ്ക്കും ആകർഷിക്കാവുന്നതുമാണ്.

സെറാമ്പൂർ.

—എം. പി. പത്രോസ്സ ശെമ്മാശൻ.

## ഒരു നരകണ്ഠനാരി.

ഒരു അനുകരണം.

---

(കിളിപ്പാട്ട്.)

കണ്ടാലു! മൊരു കരംകൊണ്ടു ഫാലത്തെത്താങ്ങി— ത്തണ്ടാട്ടുംമാറു നെടുവീർത്തിതാ,വാണീടുന്നു.
ത്തണ്ടാർമജ്ജുളമാകുമാനനമുററുംനോക്കി, പ്രായമൊട്ടായെന്നാലുമില്ല, ലേശവും കുറ—
ഖണ്ടാർപൂവണിവേണി, കണ്ണാടിതൻമുന്നിലും— വാ,യതനേത്രയാൾതന്നാനനകാന്തിക്കഹോ!

എന്തിനായവൾ പിന്നെപ്പാണിയാൽ ഫാലദേശം
പൊത്തിച്ചു, സൂക്ഷ്മമായി നോക്കുന്നു ശിരസ്സിങ്കൽ?
എന്തിനായ് ഗണ്ഡം കണ്ണുനീരിനാൽ, മഞ്ഞിൻതുള്ളി
ചിന്തിടും പനിനീരിൻപൂവുപോലാക്കീടുന്നു?
കാരണമിതാണു: തൻകാർകരിങ്കുഴലിങ്കൽ
വാരണയാന വീക്ഷിച്ചീടിനാളൊരു നര.
കാലമായവളുടെ സൌന്ദര്യോദ്യാനത്തിലെ-
ച്ചേലഞ്ചും ചില പൂക്കൾ നശിപ്പിച്ചെന്നാകിലും,
നീലപങ്കജനേത്രയ്ക്കായതു, ഭൂതചിന്താ-
ലോലചിത്തതയിന്നുമുണ്ടാക്കുന്നുണ്ടു തുലോം.
താരുണ്യക്കൊഴുപ്പേഴും തരുണിമാർതൻസംഘത്തിൽ
ചേരുന്നതിന്നു,മവരൊത്തു പണ്ടത്തെപ്പോലെ
ചാരുസംഗീതകേളീപരയായ് മേവീടാൻ-
മാ രുമഗാത്രിയിന്നുമുണ്ടഭിവാഞ്ഛിക്കുന്നു.
ആ മനോഹരരൂപം, പ്രായത്തെക്കാളും ചിന്താ-
സ്തോമത്തെയത്രേ വ്യക്തമാക്കുന്നതിന്നേരത്തിൽ;
കാണുന്നു രഹസ്യമായ കണ്ണുനീർവാൾക്കം ലക്ഷ്യം
ചേണാറു, കുറഞ്ഞൊന്നു വാടിയ ഗണ്ഡങ്ങളിൽ;
ആ നനഞ്ഞൊരു ചുണ്ടു, ഹാ! വിറയ്ക്കുന്നു, നിജാ-
ഢനാഗപ്രണയത്തെപ്പഴിക്കും പോലെ,യിതാ!
അശ്രുപൂർണ്ണമാം നേത്രം കാണിപ്പൂ, ക്ഷണം പോലും
വിശ്രമമില്ലാത്തൊരു ഹൃത്തിനെ,ക്കണ്ണാടിപോൽ!!
എന്നാൽ, സത്യമായ് സ്സൗന്ദര്യസൌഭാഗ്യസമ്പന്നയാ-
ണിന്നാരി; തദ്യൌവ്വനാകൃഷ്ടചിത്തനാം കാന്തൻ,
കവർന്നിലാവൊക്കുമൊരു പുഞ്ചിരി കാണേണമെ-
ന്നെണ്ണിയുണ്ടരികത്തിലെപ്പൊഴും വാണീടുന്നു!!
ഇന്നോളമൊരുദിനമെങ്കിലുമാത്മനാഥൻ-
തന്നോടു ചേർന്നല്ലാതെ, ശയ്യയിൽക്കേറീലവൾ;
നേരായി,ത്തദീയമാം ജീവിതം, കോടക്കൊണ്ടൽ
ചേരാത്ത വാനം പോലെ,യേററവും ശുഭ്രമത്രേ!!
എന്നിട്ടുമെന്താണിവളീവിധം തപിക്കുന്ന-
തു;-ന്നിജശിരോരുഹം നരച്ചതത്രേ മൂലം.
കൺകടയയയ്ക്കുന്നു തന്റെ വാർമുടിക്കെട്ടിൽ
മങ്കയാള,വളോർപ്പതെന്താണന്നിമിഷത്തിൽ?
കാഴ്ച കാണുവാൻ പോയ കഥയും, പൂർവ്വം തിങ്ക-
ളാഴ്ചനോൽമ്പിനായ് ക്ഷേത്രമാർന്നതും മറവമല്ല.
സമ്യക്കായിടതിങ്ങി,ച്ചുരുണ്ടു, തോൾ രണ്ടിലും
രമ്യമാം ഗളത്തിലും കിടക്കും വാർപൂങ്കുഴൽ,
അങ്ങിങ്ങു ചാടിയോടി വീണു ധൂളിയും മണ്ണും
തിങ്ങി,യേററവും ചിടകെട്ടിക്കാണാകുന്നേരം,
അമ്മ വന്നെടുത്തുമ്മവെച്ചു, തങ്കരങ്ങളാൽ
സമ്മദപൂർവ്വമതുവിടുർത്തു, ചീകിക്കെട്ടി,
“ഇന്നിയുമിതുപോലെ ചെയ്യുകിൽശ്ശിക്ഷകിട്ടു”-
മെന്നിഷ്ടകോപം ചൊല്ലീടുമ്പൊഴാ,ക്കൊച്ചുകണ്ണാൽ,
ഉണ്മയിൽദ്ദയനീയമാംവിധം നോക്കി, ക്ഷണ-
മമ്മയെക്കുളടെക്കരയിച്ചൊരു തന്നെത്തന്നെ-
യാണു കാമിനിയപ്പോളോർത്തതാ,യവളെന്നാൽ
കാണുന്നിതൊരു നരയിപ്പൊഴാദച്ചികുരത്തിൽ.
“കാലത്തിൻചുവടാ”ണു പാക്കിലായതു; മേഘ-
ശ്രീലസന്മുടിയെല്ലാമീവിധമാകും ക്രമാൽ;
സന്നമാം സൌന്ദര്യവും ബലവു;-മവസാന
മിന്നരദേഹത്തിൽനിന്നാത്മാവുമൊഴിഞ്ഞുപോം.
എന്നറിഞ്ഞിട്ടും കഷ്ടം! പിന്നെയുമിടയ്ക്കിടെ-
യ്ക്കുന്നതഗാത്രി കണ്ണുനീർക്കണമുതിർക്കുന്നു.
അയതു നാശോന്മുഖരൂപമാധുരി വീണ്ടു-
മായത്തമാകാൻവേണ്ടിയായിരിക്കുകയില്ല!
ഫുല്ലമാം സുമത്തിനു കോരകമാകാൻ കഴി-
യില്ലല്ലോ, കമലാക്ഷിയാളതുമറിയുന്നു!!
എന്നാലു,മിനി വീണ്ടുമുണ്ടായിടാത്ത മട്ടി-
ലിന്നാൾ കഴിഞ്ഞ മധുകാലത്തെച്ചിന്തിക്കവേ,
എങ്ങിനെ കണ്ണീരവളടക്കുമയ്യോ! കോളു-
പൊങ്ങിയ പാഥോധിയിൽ നാവികനമരംപോൽ?
അല്ലയോ സുമുഖി! നീ ദുഃഖിക്കവേണ്ടാ, നിന്റെ-
നല്ല യൌവനം നൽകിയാലുമാസ്സുതയ്ക്കായി;
എങ്കിലിക്കണ്ണാടി പോൽ, ഭാവികാലത്തിൽക്കാന്തി-
തങ്കിടും തവ രൂപം, കാട്ടും നിൻപകപ്പുവൾ!!

പാലക്കാട്.-

—കെ. എസ്സ്. പരമേശ്വരൻപിള്ള.

# പരിത്യാഗം.

## ഒരു കഥ.

---

പിറ്റെദിവസം രാവിലെ, ഉറക്കമിളയ്ക്കയാലുള്ള വല്ലായ്മയോടുകൂടി, ഹേമന്തൻ പിയാരിശങ്കരകോസലന്റെ ഗൃഹത്തിൽ കടന്നു ചെന്നു.

"എന്താണ് കുട്ടാ!" എന്നായിരുന്നു കോസലന്റെ അഭിവാദനം.

ജ്വലിച്ചെരിയുന്ന അഗ്നിപോലെ ഹേമന്തൻ കോപാക്രാന്തനായി.

"നിങ്ങൾ ഞങ്ങളുടെ ജാതിയെ കെടുത്തു. ഞങ്ങളുടെവംശത്തെ നശിപ്പിച്ചു. ഇതിന്റെ ഫലം നിങ്ങൾതന്നെ അനുഭവിക്കേണ്ടി വരും."

ശ്വാസം മുട്ടുകയാൽ ഇതിലധികം പറയുവാൻ ഹേമന്തനു സാധിച്ചില്ല; ഇതു കേട്ടു, കോസലൻ പരിഹാസസ്വരത്തിൽ മറുപടി പറഞ്ഞു:— "നിങ്ങൾ എന്റെ ജാതിയെ സംരക്ഷിക്കയാണല്ലോ ചെയ്തത്! എനിക്കു ജാതിഭ്രഷ്ടു കല്പിച്ചതു വേറെ ആളല്ലേ?"

ഹേമന്തൻ തന്റെ ബ്രാഹ്മണപ്രതാപത്താൽ കോസലനെ ഭസ്മീകരിക്കുവാൻ ആഗ്രഹിച്ചു. എങ്കിലും അയാളുടെ ക്രോധാഗ്നി തന്നെത്താൻ ദഹിപ്പിക്കുകയാണ് ചെയ്തത്. കോസലനു യാതൊരു കേടും തട്ടിയതുമില്ല.

ഹേമന്തൻ:— അതിരിക്കട്ടെ; ഞാൻ എപ്പോഴെങ്കിലും നിങ്ങൾക്കു ദോഷം ചെയ്തിട്ടുണ്ടോ?

കോസലൻ:— ഞാൻ നിങ്ങളോടൊന്നു ചോദിക്കട്ടെ: എന്റെ മകൾ—എന്റെ ഏകസന്താനം— നിങ്ങളുടെ അച്ഛനോടെന്തു പിഴച്ചു? നിങ്ങൾക്ക് അന്നു നന്നേ ചെറുപ്പമായിരുന്നതിനാൽ ആ കഥ നിങ്ങൾ കേട്ടിരിക്കയില്ല. പറയാം; കേട്ടോളു. അസ്വാദിക്കരുതെ. ബഹുരസംപോക്കുള്ള കഥയാണ്.

ഈ മുഖവുരയോടുകൂടി കോസലൻ പറഞ്ഞുതുടങ്ങി:—

"എന്റെ മകളുടെ ആഭരണങ്ങൾ മോഷ്ടിച്ചു കൊണ്ട് അവളുടെ ഭർത്താവായിരുന്ന നവകാന്തൻ ഇംഗ്ലണ്ടിലേയ്ക്കു ചാടിപ്പോയ കാലത്തു നിങ്ങൾ നന്നേ കുട്ടിയായിരുന്നു. അഞ്ചുകൊല്ലം കഴിഞ്ഞ്, അയാൾ ബാരിസ്റ്റർ പരീക്ഷയിൽ ജയിച്ചു മടങ്ങിവന്നപ്പോഴത്തെ കോലാഹലം നിങ്ങൾക്കു പക്ഷേ, ഓർമ്മയുണ്ടായിരിക്കാം. അഥവാ, നിങ്ങൾ അന്നു കൽക്കത്തയിൽ താമസിച്ചു പഠിക്കുകയായിരുന്നതിനാൽ അറിഞ്ഞിട്ടില്ലെന്നും വരാം. എന്റെ മകളെ നവകാന്തന്റെ വീട്ടിലേയ്ക്കയയ്ക്കുന്ന പക്ഷം, ഞാൻ അവളെ തീരെ തള്ളിക്കളെ

യേണ്ടതാണെന്നും അവളെ പിന്നീട തിരിയെ എടുക്കാൻ പാടില്ലെന്നുംമററും, സമുദായനേതൃത്വം സ്വയമേവ സ്വീകരിച്ച നിങ്ങളുടെ അച്ഛൻ വാശിപിടിച്ചു. ഞാൻ നവകാന്തനെക്കൊണ്ട പഞ്ചഗവ്യം സേവിപ്പിക്കാമെന്നും, പ്രായശ്ചിത്തം ചെയ്യിക്കാമെന്നും ഏററ്, അയാളെ ജാതിയിൽനിന്ന ബഹിഷ്കരിക്കരുതെന്നപേക്ഷിച്ച് എങ്കിലും നിങ്ങളുടെ അച്ഛൻ അദ്ദേഹത്തിൻെറ 'മക്കടമുഷ്ടി' വിട്ടില്ല. എനിക്ക് എൻെറ മകളെ തള്ളിക്കളയുവാൻ തരമില്ലെന്നും വന്നു. അതുകൊണ്ട ബന്ധുജനങ്ങളെ വിട്ട ഞാൻ കൽക്കത്തയിലേയ്ക്കു പോയി. എൻെറ നിർഭാഗ്യത എന്നെ അവിടെയും പിന്തുടന്നു. ഞാൻ, എൻെറ ജാമാതാവിൻെറ വിവാഹകാര്യം ആലോചിച്ചു തീച്ചപ്പെടുത്തിയിരുന്നു. എങ്കിലും നിങ്ങളുടെ അച്ഛൻെറ ദുഷ്പ്രേരണയാൽ വധൂബന്ധുക്കൾ ഇതിന്നു വിരോധം പറഞ്ഞു. ഞാൻ ബ്രാഹ്മണനാണെങ്കിൽ ഇതിന്നു പ്രതിക്രിയ ചെയ്യാതെ വിടുകയില്ലെന്നു ശപഥംചെയ്തു. ഇപ്പോൾ നിങ്ങൾക്കു കാര്യം എതാണ്ടൊക്കെ മനസ്സിലായില്ലേ? വരട്ടെ; മുഴവനും പറയാം. രസമുണ്ട്.

"നിങ്ങൾ കോളേജിൽ പഠിക്കുന്ന കാലത്തു വിപ്രദാസചാറർജ്ജി എന്നൊരാളുടെ അയൽവീട്ടിലായിരുന്നു താമസിച്ചിരുന്നത്. സാധുമനുഷ്യൻ! അയാൾ മരിച്ചുപോയി. അയാളുടെ വീട്ടിൽ കുസുമ എന്നു പേരായ ഒരു ബാലവിധവ പാത്തിരുന്നു. അവളുടെ അച്ഛനമ്മമാർ ചെറുപ്പത്തിൽത്തന്നെ കാലധമ്മം പ്രാപിച്ചു. അവൾ 'കായസ്ഥ'ജാതിക്കാരിയാണ്. കണ്ടാൽ അതിസുന്ദരി! അവളെ, കുസുതിക്കാരായ വിദ്യാത്ഥികളുടെ ദൃഷ്ടിയിൽ പെടാതെ രക്ഷിക്കേണമെന്നായിരുന്നു വിപ്രദാസൻെറ ആഗ്രഹം. എങ്കിലും വയോധികനായ ഒരു രക്ഷിതാവിൻെറ കണ്ണിൽ പൊടിയിടുവാൻ ആ പെങ്കിടാവിന്നു തീരെ പ്രയാസമുണ്ടായിരുന്നില്ല. നനച്ച വസ്ത്രങ്ങൾ 'തോരാൻ' ഇടുന്നതിന്നുവേണ്ടി അവൾ കൂടെക്കൂടെ മാളികയുടെ മേളിൽ പോകാറുണ്ടായിരുന്നു. നിങ്ങൾക്കും ആ കാലത്തു വായനയ്ക്കു അധികം സൗകര്യം നിങ്ങളുടെ മാളികയിലായിരുന്നു. നിങ്ങൾ തമ്മിൽ സംസാരിച്ചിരുന്നുവോ എന്നു പറവാൻ ഞാനാളല്ല. എങ്കിലും കുസുമയുടെ പെരുമാററങ്ങളിൽ വിപ്രദാസന്നു ശങ്ക തോന്നി- അവൾ പലപ്പോഴും ഗൃഹകൃത്യങ്ങളിൽ വീഴ്ച വരുത്തി. 'പുരരിപു വരനായ് വരാൻ' വേണ്ടി തപസ്സു ചെയ്ത പാർവ്വതിയെപ്പോലെ, അവൾ ദിനംപ്രതി ക്ഷീണിച്ചുവന്നു. ക്രമേണ 'ഉഴണിന്നാസ്ഥകുറഞ്ഞു; നിദ്ര നിശയിങ്കൽ പോലുമില്ലാതെയായ്.' ചിലപ്പോൾ അവൾ യാതൊരു കാരണവും കൂടാതെ രക്ഷിതാവിൻെറ മുമ്പിൽ ചെന്നു നിന്നു പൊട്ടിക്കരയും. ഇങ്ങിനെ കുറെനാൾ കഴിഞ്ഞു.

"നിങ്ങൾ രണ്ടാളും മാളികയിൽ വെച്ചു തമ്മിൽ കാണാറുണ്ടെന്നും, ചില ദിവസങ്ങളിൽ ഏകാന്തപഠനത്തിലുള്ള മോഹത്താൽ നിങ്ങൾ സ്കൂളിൽ പോകാതെ, നട്ടുച്ചയ്ക്കു, ഒരു പുസ്തകവും കയ്യിലെടുത്ത് ആ 'നിജ്ജനമേടമേൽ' കയറി വന്നിരിക്കാറുണ്ടെന്നും മററും വൃദ്ധന്നു മനസ്സിലായി. അയാൾ കിംകത്തവ്യതാമൂഢനായി എൻെറ അടുക്കൽ വന്ന് അഭിപ്രായംചോദിച്ചു.

"കാരണവരേ! നിങ്ങൾക്കു കാശിക്കു പോകാൻ മോഹമുണ്ടെന്നു പലപ്പോഴും പറയാറുണ്ടല്ലോ. അതിപ്പോൾ ചെയ്യരുതേ? കുസുമയെ ഞാൻ നോക്കിക്കൊള്ളാം' എന്നു ഞാൻ ഉപദേശിച്ചു.

"അപ്രകാരം തന്നെ വിപ്രദാസൻ തീർത്ഥയാത്ര പുറപ്പെട്ടു പോയി. ഞാൻ കുസുമയെ ശ്രീപതി ചാറർജിയുടെ ഗൃഹത്തിൽ താമസിപ്പിച്ചു. അവളെ അദ്ദേഹം പുത്രീനിർവ്വിശേഷം സ്നേഹിച്ചു. അതിനു ശേഷം നടന്ന സംഭവങ്ങൾ നിങ്ങൾക്കറിയാമല്ലോ.

"ആരംഭം മുതൽ ഈ ചരിത്രം നിങ്ങളെ കേൾപ്പിക്കുവാൻ ഇടയായതിൽ എനിക്കു വളരെ ആശ്വാസമുണ്ട്. നിങ്ങൾക്ക് ഇതെല്ലാം ഒരു നോവലിലെ കഥപോലെ തോന്നുന്നുണ്ടായിരിക്കാം. ഞാൻ ഇതിനെപ്പററി ഒരു പുസ്തകം എഴുതി അച്ചടിപ്പിക്കാൻ വിചാരിക്കുന്നുണ്ട്. പക്ഷേ, ഞാനൊരു ഗ്രന്ഥകാരനല്ല. എൻെറ മരുമകനു സാഹിത്യത്തിൽ വാസനയുണ്ട്. അവനെക്കൊണ്ടെഴുതിക്കാം. നിങ്ങൾ കൂടി അവനെ സഹായിക്കുന്നതായാൽ നന്നായിരിക്കും. കഥയുടെ കലാശം നിങ്ങളറിയുംപോലെ എനിക്കു നിശ്ചയമില്ലല്ലോ."

കോസലൻെറ ഉപസംഹാരപ്രസംഗത്തിൽ അത്ര ശ്രദ്ധിക്കാതെ ഹേമന്തൻ ചോദിച്ചു:— "കുസുമ ഈ വിവാഹത്തിനു വിരോധം പറഞ്ഞില്ലേ?"

കോസലൻ:— "അതിനെപ്പററി ഖണ്ഡിച്ചുപറവാൻ കുറെ പ്രയാസമാണ്. സ്ത്രീസ്വഭാവം നിങ്ങൾക്കറിയാമോ? സ്ത്രീകൾ 'അല്ല' എന്നു പറഞ്ഞാൽ 'അതേ' എന്നാണ് മനസ്സിലാക്കേണ്ടത്. കുസുമയേ ശ്രീപതിയുടെ ഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയ ശേഷം കുറെ ദിവസം അവൾക്കു നിങ്ങളെ കാണാൻ സാധിക്കായ്കയാൽ ഒരുവക ചിത്തഭ്രമമായിരുന്നു. അവൾ പോയ സ്ഥലം നിങ്ങൾ എങ്ങിനെയോ മനസ്സിലാക്കി. അതുകൊണ്ടായിരിക്കാം വീട്ടിൽനിന്നു പാഠശാലയിലേക്കു പുറപ്പെട്ട നിങ്ങൾ വഴി പിഴച്ചു ശ്രീപതിയുടെ വീട്ടിൻെറ മുൻവശത്തു നിന്നു പരുങ്ങിയത്. നിങ്ങളുടെ ദൃഷ്ടി പതിഞ്ഞതു പാഠശാലയിലേക്കുള്ള പാതമേലായിരുന്നില്ല; ഒരു പ്രത്യേക ഭവനത്തിൻെറ ജാലരന്ധ്രങ്ങളിലേക്കായിരുന്നു നിങ്ങളുടെ നോട്ടം. അതിൻെറ പഴുതിൽ കൂടി ചെറുപ്രാണികൾക്കും, ചിത്തഭ്രമം പിടിപെട്ട യുവജനങ്ങളുടെ ഹൃദയങ്ങൾക്കും മാത്രമേ പ്രവേശം ലഭിക്കൂ. നിങ്ങളുടെ പഠിപ്പിന് അമാന്തവും കുസുമയുടെ മനസ്സിന്ന് അസ്വാസ്ഥ്യവും നേരിട്ടതു ഞാൻ കണ്ടറിഞ്ഞു.

"ഒരുദിവസം ഞാൻ കുസുമയെ വിളിച്ച്, അവളോടിങ്ങിനെ പറഞ്ഞു:— 'കുഞ്ഞേ! ഞാൻ പറയുന്നതു കേൾക്കണം. എൻെറ മുമ്പാകെ നിനക്കു യാതൊരു വല്ലായ്മയും വേണ്ട, നിൻെറ അന്തർഗ്ഗതം എനിക്കു മനസ്സിലായിരിക്കുന്നു. ആ യുവാവിൻെറ നിലയും ഇതുപോലെ തന്നെയാണ്. നിങ്ങളുടെ വിവാഹം നടത്തുവാനാണെൻെറ ആഗ്രഹം.'

"ഇതു കേട്ടപ്പോൾ കുസുമ പൊട്ടിക്കരഞ്ഞു. അതിനുശേഷം ഞാൻ കൂടക്കൂടെ ശ്രീപതിയുടെ വീട്ടിൽപോവുകയും, കുസു

മയെ അടക്കൽ വിളിച്ചു നിങ്ങളുടെ വിവാഹകാൎയ്യത്തെപ്പററി സംസാരിക്കുകയും ചെയ്തു. ക്രമേണ അവളുടെ ലജ്ജയും കുറെ പിന്മാറി. ഒടുവിൽ ഞാൻ വിവാഹമുഹൂൎത്തം തീൎച്ചപ്പെടുത്തുവാൻ ഉറച്ചു. 'അതെങ്ങിനെ സാധിക്കും' എന്നായിരുന്നു കുസുമയുടെ ചോദ്യം. 'അതിനൊക്കെ വഴിയുണ്ട്. നീയൊരു ബ്രാഹ്മണകന്യയാണെന്നു ഞാൻ അവരുകളെ ബോദ്ധ്യപ്പെടുത്തിക്കൊള്ളാം' എന്നു ഞാൻ മറുപടി പറഞ്ഞിട്ടും അവൾക്കു സമാധാനമായില്ല. നിങ്ങളുടെ ഹിതം അറിയേണമെന്നു വളരെ വാദപ്രതിവാദങ്ങൾക്കുശേഷം അവൾ എന്നെ നിൎബ്ബന്ധിച്ചു.

"നിങ്ങൾക്ക് അവളെക്കുറിച്ചു കലശലായ ഭ്രമമുണ്ടെന്നും, പുറത്തു വരാനിടയില്ലാത്ത ജാതിരഹസ്യത്തെ വൃഥാവിൽ വെളിപ്പെടുത്തി നിങ്ങളെ ഭഗ്നാശനാക്കിത്തീൎക്കുന്നത് അനാശാസ്യമാണെന്നും ഞാൻ അവളോടു സനിഷ്കൎഷം പറഞ്ഞു. അവൾക്ക് ഈ ഏൎപ്പാടു സമ്മതമോ അല്ലയോ എന്ന് എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. അവൾ ചിലപ്പോൾ മുക്തകണ്ഠം വിലപിക്കും. ചിലപ്പോൾ ഒന്നും മിണ്ടാതെ സ്തംഭിച്ചു നില്ക്കും.

"'എന്നാൽ പോട്ടേ! ഇതൊന്നും വേണ്ടെന്നു വെയ്ക്കാം' എന്നു വല്ല സമയവും ഞാൻ പറഞ്ഞാൽ അവൾ ഉടനെ അസ്വസ്ഥയായിത്തീരും. ഈ അവസരത്തിലാണ് വിവാഹപ്രസ്താവങ്ങളോടുകൂടി ശ്രീപതിയെ നിങ്ങളുടെ അടുക്കലയച്ചത്. ക്ഷണനേരംപോലും സംശയിക്കാതെ നിങ്ങൾ സമ്മതിച്ചു. എല്ലാം തീൎച്ചപ്പെടുത്തി.

"മുഹൂൎത്തദിവസത്തിനു സ്വല്പം മുമ്പു കുസുമയുടെ വാശി മൂത്തു. എന്തു പറഞ്ഞിട്ടും അവൾ കൂട്ടാക്കിയില്ല. ഈ വിവാഹം വേണ്ടെന്നു വെയ്ക്കേണമെന്ന് എന്നോടു പല പ്രാവശ്യവും അപേക്ഷിച്ചു. ഇത്രത്തോളം ഏൎപ്പാടുകൾ ചെയ്തശേഷം അതിൽനിന്നു പിന്മാറുന്നതു തീരേ അസംഗതിയായിത്തീരുമെന്നു ഞാനും ശഠിച്ചു.

കുസുമ:- ഞാൻ മരിച്ചുപോയെന്നു പറഞ്ഞേയ്ക്കു. ഞാൻ എങ്ങോട്ടെങ്കിലും പൊയ്ക്കൊള്ളയാം.

ഞാൻ:— പിന്നെ ആ യുവാവിന്റെ കാൎയ്യം ചോദിക്കാനുണ്ടോ? അവിളംബമായ തന്റെ അഭീഷ്ടസിദ്ധിയോൎത്ത് അയാൾ ഇപ്പോൾ ബ്രഹ്മാനന്ദം അനുഭവിക്കുകയാണ്. നീ മരിച്ചുവെന്നു ഞാൻ ഇപ്പോൾ അയാളോടു പറഞ്ഞാൽ, നാളെ അയാളുടെ മരണവാൎത്ത നിനക്കു കേൾക്കാനിടയാകും. വൈകുന്നേരമാകുമ്പോഴേയ്ക്കു നീ മരിച്ചുവെന്ന് എനിക്കും കേൾക്കാറാവും. എന്റെ വയസ്സുകാലത്തു ഞാനൊരു സ്ത്രീഹത്യയും ബ്രഹ്മഹത്യയും ചെയ്യണോ?

"എന്തിനു വളരെ പറയുന്നു. വിവാഹകാൎയ്യം മുഹൂൎത്തസമയത്തു ശുഭമായി തന്നെ കഴിഞ്ഞുകൂടി. എന്റെ കൃത്യം ഞാൻ നിൎവ്വഹിച്ചു. ശേഷം നിങ്ങൾക്കറിയാമല്ലോ."

ഹേമന്തൻ:— ആദ്യംതന്നെ ഒരു ദോഷം ചെയ്തുവെച്ചു. അതു പോട്ടേ! വീണ്ടും അതേ തൊഴിലിനൊരുമ്പെട്ടതു് നന്നായോ? ഈ രഹസ്യം എന്തിനാണിപ്പോൾ വെളിപ്പെടുത്തിയത്?

കോസലൻ ശാന്തസ്വരത്തിൽ മറുപടി പറഞ്ഞു:—നിങ്ങളുടെ അനുജത്തിയുടെ വിവാഹത്തിനുള്ള ഒരുക്കങ്ങൾ കണ്ടപ്പോളാണ് ഞാൻ ഇങ്ങിനെ തീച്ചപ്പെടുത്തിയത്. ഏതായാലും ഞാനൊരു ബ്രാഹ്മണകുടുംബത്തെ അപമാനപ്പെടുത്തി. പക്ഷെ അത് എൻെറ കടമയായിരുന്നു. ഈ വിവാഹം നടന്നാൽ വേറൊരു കുടുംബത്തിന്നു കൂടി ജാതിഭ്രഷ്ടു വന്നുചേരും. അതു കൂടാതെ കഴിക്കേണ്ടത് എൻെറ മുറയാണ്. ഈ ഉദ്ദേശത്തെ പുരസ്കരിച്ചുകൊണ്ടു ഞാൻ വരൻെറ കുടുംബക്കാൎക്ക് കത്തെഴുതിയയച്ചു. നിങ്ങളുടെ ഭാൎയ്യ ഒരു ശൂദ്രസ്ത്രീയാണെന്ന് അവരെ അറിയിച്ചു.

ഹേമന്തൻ:- (തൻെറ കോപത്തെ പണിപ്പെട്ടടക്കി) ഞാൻ ഇപ്പോൾ ഉപേക്ഷിക്കാൻ ഭാവിക്കുന്ന ഈ സ്ത്രീയുടെ മേലാലത്തെ ഗതിയെന്തായിരിക്കും? നിങ്ങൾ അവളെ രക്ഷിച്ചുകൊള്ളുമോ?

കോസലൻ:— എൻെറ കൃത്യം ഞാൻ നിൎവ്വഹിച്ചു. മററുള്ളവർ ഉപേക്ഷിക്കുന്ന ഭാൎയ്യമാരെ പുലൎത്തേണ്ടുന്ന ഭാരം എനിക്കില്ല. ആരവിടെ? ഹേമന്തബാബുവിന്നു കുറച്ചു കാപ്പി കൊണ്ടുവാ.

ഹേമന്തൻ കാപ്പിക്കു കാത്തിരിക്കാതെ യാത്രയായി.

## IV

കൃഷ്ണപക്ഷത്തിലെ പഞ്ചമിനാൾ രാത്രി. നല്ലഇരുട്ട്. പക്ഷികളുടെ ഗാനം കേൾക്കാനില്ല. വാപീതീരത്തിലെ രസാലവൃക്ഷം കറുത്ത കടലാസ്സിൽ ഒരു കറുത്ത മഷിത്തുള്ളി പോലെ ദൃശ്യമായി. മാക്ഷിണാത്യമാരുതൻ ഒരു സ്വപ്നചരനെപ്പോലെ പരിലസിച്ചു. ആകാശമണ്ഡലത്തിൽ മിന്നിക്കൊണ്ടിരുന്ന നക്ഷത്രങ്ങൾ ഏതോ ഒരു രഹസ്യം വെളിപ്പെടുത്തുവാനെന്ന പോലെ ഇരുട്ടിൽ സൂക്ഷിച്ചുനോക്കി.

ശയനമുറിയിൽ വെളിച്ചമൊന്നും കാണാനില്ല. തൻെറ മുൻഭാഗത്തു വ്യാപിച്ച അന്ധകാരത്തെ നോക്കിക്കൊണ്ടു ഹേമന്തൻ ജനലിന്നരികേ കട്ടിലിന്മേൽ ഇരിക്കുന്നു. ഭൎത്താവിൻെറ പാദം പിടിച്ചു തഴുകിക്കൊണ്ടു കുസുമ താഴത്തിരിക്കുന്നു. രജനിയാകുന്ന തിരശ്ശീലയിൽ വിധി വരച്ച ചിത്രം പോലെ ആ വധൂവരന്മാർ നിശ്ചലരായി കാണപ്പെട്ടു.

ഹരിഹര മുക്കൎജ്ജിയുടെ ചെരിപ്പുകളുടെ ശബ്ദം കേട്ടുതുടങ്ങി. അയാൾ വാതലിന്നടുത്തു വന്നെത്തി.

"ഹേമന്ത! നിനക്കു ഞാൻ അഞ്ചു ദിവസത്തെ അവധി തന്നുകഴിഞ്ഞു. ഇനിയും സമയം അനുവദിക്കാൻ വിചാരിക്കുന്നില്ല. ആ പെണ്ണിനെ ഈ നിമിഷം പുറത്തിറക്കണം."

ഇതു കേട്ടു കുസുമ ഭൎത്തൃപാദങ്ങളെ പ്രാണാധികപ്രിയതയോടുകൂടി ആശ്ലേഷിച്ച് അവയെ ഭക്തിപൂൎവ്വം ചുംബിച്ചു. പിന്നീടു നമസ്കരിച്ചു പിന്മാറി നിന്നു.

ഹേമന്തൻ എഴുന്നേററു ഹരിഹരൻെറ അടുത്തു ചെന്നു.

"അച്ഛാ! ഞാൻ എൻെറ ഭാൎയ്യയെ ഉപേക്ഷിക്കാൻ വിചാരിക്കുന്നില്ല." എന്നു പറഞ്ഞു.

"എന്ത്? നീ ജാതിഭ്രഷ്ടനാവാനാണോ ഭാവം?"

“ജാതിയെ ഞാൻ വിലവെയ്ക്കുന്നില്ല.”

“എന്നാൽ ഞാൻ ഇതാ നിന്നെയും പുറത്താക്കുന്നു. പോ!.”

മദ്രാസ്.

—വി. ഉണ്ണിക്കൃഷ്ണൻ നായർ.

# കിച്ച്നർപ്രഭു.

## VII

### സ്വഭാവാദി സംഗതികൾ.

കിച്ച്നർപ്രഭു സവിശേഷം മതപ്രതിപത്തിയും ഈശ്വരഭക്തിയുമുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ ഈ സ്വഭാവവിശേഷം ഇപ്പോഴുള്ള മറ്റു പല വലിയ സേനാധിപന്മാരിലും കാണുന്നുണ്ട്. ഇംഗ്ലണ്ടിലെ ഇപ്പോഴത്തെ നാവികസർവ്വസൈന്യാധിപനായ സർ ജോൺ ജെല്ലിക്കോയും, ഫ്രാൻസിലെ യുദ്ധത്തിൽ ഇപ്പോൾ ഇംഗ്ലീഷുഭാഗത്തെക്കു സർവ്വസൈന്യാധിപനായിരുന്ന സർ ഡഗ്ലാസ്സ് ഹെയിഗ്ഗും, ഫ്രഞ്ചുജനറൽ ജോഫ്രിയും മറ്റും അത്യന്തം ഈശ്വരഭക്തിയുള്ളവരാണ്. പരേതനായ റോബർട്ട്സുപ്രഭുവും വലിയ ഈശ്വരഭക്തനായിരുന്നു.

കിച്ച്നർപ്രഭു, തന്റെ കീഴിലുള്ള സൈന്യങ്ങളിൽ ആരും തന്നെ മദ്യപാനം ചെയ്യുന്നതിനെ വിരോധിച്ചിരുന്നു. ഇപ്പോഴത്തെ യുദ്ധത്തിനായി പുറപ്പെട്ട സമയം ഇംഗ്ലീഷുസൈന്യങ്ങൾക്കു പ്രഭു അയച്ച ശാസനത്തിൽ പറഞ്ഞിട്ടുള്ള പ്രധാന കാര്യങ്ങളിൽ ഒന്നു “നിങ്ങൾ മദ്യം സേവിക്കരുത്” എന്നുള്ളതായിരുന്നു. ഒരിക്കൽ ഈജിപ്റ്റിൽവെച്ചു സൈന്യങ്ങളെ പോർക്കളത്തിലേയ്ക്കയച്ച സമയം അവരുടെ പിന്നാലെ കൊണ്ടുപോയ സാമാനങ്ങൾ കിച്ച്നർപ്രഭു ചെന്നു പരിശോധിക്കുകയും, ചില പട്ടാളഉദ്യോഗസ്ഥന്മാരുടെ ഉപയോഗത്തിലേയ്ക്കായി ഏതാനും ബ്രാണ്ടിക്കുപ്പികൾ കൂടി കൊണ്ടുപോകുന്നതായി കാണുകയും, പ്രഭു ആ കുപ്പികളെടുത്തു തുറന്നു ബ്രാണ്ടി മുഴുവനും നിലത്തൊഴിച്ചു കളകയുമുണ്ടായി. കിച്ച്നർപ്രഭുവിന്റെ മുദ്രാവാക്യം “നിന്റെ കൃത്യത്തെ ധൈര്യസമേതം ചെയ്യുക, ദൈവത്തെ ഭയപ്പെടുക, രാജാവിനെ ബഹുമാനിക്ക” എന്നിങ്ങനെയാകുന്നു.

“വിപദി ധൈര്യം” എന്നുള്ള പ്രമാണത്തെ കിച്ച്നർപ്രഭുവിനെപ്പോലെ ശരിയായി അനുസരിച്ചു പ്രവൃത്തിക്കുന്നവർ ലോകത്തിൽ മുൻപുണ്ടായിട്ടുണ്ടോ എന്നും ഇനി ഉണ്ടാകുമോ എന്നും സംശയമാണ്. ഒരിക്കൽ കിച്ച്നർപ്രഭു പലസ്റ്റൈനിൽ ചെന്ന് ഗലീലിയായിൽ സർവ്വേജോലി നടത്തിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ മേലാവായിരുന്ന ലഫ്റ്റനന്റു കൊണ്ടർ എന്ന ദേഹത്തെ ആ ദിക്കുകാർനാ

ഒരറബി ഒരു വലിയ വടികൊണ്ടടിച്ചു ബോധരഹിതനായി നിലത്തു വീഴിച്ചു. ആ അറബിയുടെ കൂടെ രണ്ടുമൂന്നു സഹായികളുമുണ്ടായിരുന്നു. ആ സമയം കിച്ചനർപ്രഭുവിന്റെ കയ്യിൽ ആയുധമൊന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നിട്ടും യാതൊരു കൂസലും കൂടാതെ അദ്ദേഹം തൽക്ഷണം കുതിച്ചുചാടി മുൻപോട്ടു പാഞ്ഞുചെന്നു കൊണ്ടവരെ അപായപ്പെടുത്താനിടകൊടുക്കാതെ രക്ഷിച്ചു. എങ്കിലും ആ അറബിയുടെ കൂടെയുണ്ടായിരുന്നവരിൽ ഒരാളുടെ അടികൊണ്ടു പ്രഭുവും ബോധംകെട്ടു നിലത്തു വീണുപോയി.

കിച്ചനർപ്രഭു ആജീവനാന്തം ഒരു നിത്യബ്രഹ്മചാരിയായിരുന്നു. അദ്ദേഹത്തിന്റെ മനസ്സു ലഹരിപദാർത്ഥങ്ങളിലെന്നല്ല, വിഷയസുഖങ്ങളിൽ യാതൊന്നിലും തന്നെ ലേശംപോലും ആസക്തമായിരുന്നില്ല. യൂറോപ്യന്മാരുടെ ഇടയിൽ പുരുഷന്മാരും പരസ്പരം ആദ്യം കാണുമ്പോഴും യാത്രപറഞ്ഞു പിരിഞ്ഞുപോകുമ്പോഴും കൈകൊടുക്കുക സാധാരണമായ ഒരാചാരമായിട്ടാണല്ലോ വെച്ചിരിക്കുന്നത്. എന്നാൽ കിച്ചനർപ്രഭു സ്ത്രീകൾക്കു കൈകൊടുക്കാറില്ലെന്നുള്ളതു പ്രസിദ്ധമാണ്. സ്ത്രീവർഗ്ഗത്തിൽ തന്റെ ധാത്രിയായിരുന്ന "ബിസി" എന്ന വയോധികയോടല്ലാതെ പ്രഭു ധാരാളമായും തടവുതീർന്നും സംസാരിക്കാറില്ലായിരുന്നു. വളരെ ജോലിത്തിരക്കുള്ള കാലങ്ങളിലും കിച്ചനർപ്രഭു ആ സ്ത്രീ താമസിച്ചിരുന്ന ദിക്കിലെങ്ങാനും പോയെങ്കിൽ, സമയമുണ്ടാക്കീട്ടും അവരെ കാണുക പതിവായിരുന്നു. തനിക്കു വലിയ സ്ഥാനമാനങ്ങളും പദവികളുമൊക്കെ കിട്ടീട്ടും പ്രഭു അതിനെ ഭേദപ്പെടുത്തിയിരുന്നില്ല. കിച്ചനർപ്രഭു വലിയ ഉന്നതസ്ഥിതിയിലായതിന്റെ ശേഷവും ആ സ്ത്രീ അദ്ദേഹത്തെ പറഞ്ഞിരുന്നത് എന്റെ ഹേർബർട്ടുകുട്ടി എന്നാണ്. പ്രഭുവിന്റെ പേരുകളിൽ ഒന്നാമത്തേതു ഹേർബെർട്ട് എന്നായിരുന്നുവല്ലോ.

കിച്ചനർപ്രഭു മരണപര്യന്തം നിരന്തരമായി ധാരാളം ജോലിചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന് അതിൽ സ്ഥിരപ്രതിപത്തി ഉണ്ടായിരുന്നു. ജോലിയിലിരുന്നുകൊണ്ടു തന്നെയാണ് അദ്ദേഹം മരിച്ചത്.

നെൽസൻ വെല്ലിംഗ്ടൻ മുതലായ ഇംഗ്ലീഷുസൈന്യാധിപന്മാരെപ്പോലെ കിച്ചനർപ്രഭുവും തന്റെ കീഴിലുള്ളവരോടു വളരെ ദയയും വാത്സല്യവുമുള്ള ആളായിരുന്നു. കിച്ചനർപ്രഭുവിനു ദയ എന്നൊരു വസ്തു ലേശംപോലും ഇല്ലെന്നായിരുന്നു അന്യന്മാരുടെ ധാരണ. അദ്ദേഹം യാതൊരു സംഗതിയിലും ഒരിക്കലും വഴങ്ങുകയോ അടിമപ്പെടുകയോ ചെയ്യാത്ത ഒരു സ്വഭാവക്കാരനായിരുന്നു. എങ്കിലും ദയയും ദാക്ഷിണ്യവും അദ്ദേഹത്തിനു ധാരാളമുണ്ടായിരുന്നു എന്നുള്ളതിനു പല ലക്ഷ്യങ്ങളുണ്ട്. എന്നാൽ, അതൊന്നും അദ്ദേഹം ഒരിക്കലും പുറത്തു കാണിച്ചിരുന്നില്ല. വാസ്തവത്തിൽ ദയയും ദാക്ഷിണ്യവുമില്ലാത്ത ഒരു സൈന്യാധിപനു വലിയ ഔന്നത്യത്തെ പ്രാപിക്കാൻ കഴിയുന്നതല്ലല്ലോ. ഒരിക്കൽ ഈജിപ്ത് സൈന്യത്തിലുണ്ടായിരുന്ന ഒരു സാർജന്റു സുഖക്കേടുനിമിത്തം വീട്ടിൽപ്പോകാനായി അവധിയെടുത്തു.

അദ്ദേഹം കേവലം നിർദ്ധനനായിരുന്നു. യാത്രപുറപ്പെടാറായപ്പോൾ കിച്ചനർപ്രഭു അദ്ദേഹത്തെ അടുക്കൽ വിളിച്ചു, "നിങ്ങൾ വീട്ടിൽപ്പോയി കുറച്ചു ദിവസം വിശ്രമിച്ചു സുഖക്കേടു ഭേദമാക്കി കഴിയുന്ന വേഗത്തിൽ തിരിച്ചുവരണം; നിങ്ങൾക്കു വല്ല അത്യാവശ്യവും നേരിട്ടെങ്കിൽ അപ്പോൾ ഉപയോഗപ്പെടുത്താനായി ഇതു കൂടി കൊണ്ടുപൊയ്ക്കൊള്ളണം" എന്നുപറഞ്ഞ് ഒരു കടലാസ്സ് അകത്തിട്ടൊട്ടിച്ചതായ ഒരെഴുത്തുകൂട് അദ്ദേഹത്തിൻെറ കയ്യിൽ കൊടുത്തയച്ചു. ഇതു വല്ല ശുപാർശിക്കത്തോ മറ്റോ ആയിരിക്കുമെന്നാണ് സാർജൻറ് ആദ്യം വിചാരിച്ചത്. എങ്കിലും ആ കൂടു പൊട്ടിച്ചു നോക്കിയപ്പോൾ അതിനകത്ത് ഇരുപത്തഞ്ചു പവൻെറ ഒരു നോട്ടായിരുന്നു. ദയയില്ലാത്ത ഒരാൾ ഇപ്രകാരം ഒരിക്കലും ചെയ്യുന്നതല്ലല്ലോ.

മനഃസ്ഥൈര്യം, തീരുമാനശക്തി ഇവയിൽ കിച്ചനർപ്രഭു അദ്വിതീയനായിരുന്നു. വേണ്ടുന്ന വിധത്തിൽ ഉപയോഗിക്കുന്നതായാൽ മനുഷ്യർക്ക് ഏററവും ഐശ്വര്യത്തെ കൊടുക്കുന്നതായ തീരുമാനശക്തി എന്ന ഗുണത്തിൽ ഇദ്ദേഹത്തെ അതിശയിക്കുന്നവരായി ഇപ്പോൾ അധികമാരും ഉണ്ടെന്നു തോന്നുന്നില്ല.

കിച്ചനർപ്രഭുവിൻെറ കണ്ണിനും വാക്കിനും അന്യന്മാരുടെ ഹൃദയത്തെ ബലാൽ ആകർഷിക്കുന്നതിനുള്ള ഒരു ശക്തിയോ വരമോ ഏതാണ്ടൊന്നുണ്ടായിരുന്നു. പ്രസിദ്ധനായിരുന്ന നെപ്പോളിയന്ന് ഏതോ ഇങ്ങനെ ഒരു ശക്തി ഉണ്ടായിരുന്നതായി പറയപ്പെട്ടിട്ടുണ്ട്. ഏററവും ദുഷ്കരങ്ങളായിട്ടുള്ള കാര്യങ്ങളും കിച്ചനർപ്രഭുവിൻെറ വാക്കിനുള്ള ശക്തിനിമിത്തം അദ്ദേഹത്തിൻെറ കീഴിലുള്ളവർ നടത്താറുണ്ട്. ഏതെങ്കിലും ഒരു ജോലി ചെയ്തുതീർക്കുന്നതിനു പന്ത്രണ്ടു മണിക്കൂർ വേണമെന്നു പറയുന്ന ഒരാൾ, അത് ആറുമണിക്കൂർകൊണ്ടു ചെയ്തുതീർക്കണമെന്നു കിച്ചനർപ്രഭു ആവശ്യപ്പെട്ടാൽ അഞ്ചു മണിക്കൂർകൊണ്ടു ചെയ്തുതീർക്കുക പതിവായിരുന്നു. തൻെറ കീഴിലുള്ളവരുടെ പേർക്ക് ഉത്തരവയച്ചു കാര്യങ്ങൾ നടത്തിക്കയെന്നുള്ളതു കിച്ചനർപ്രഭു അധികം ചെയ്യാറില്ല. ഏതെങ്കിലുമൊരു കാര്യം ഒരാളെക്കൊണ്ടു നടത്തിക്കേണ്ടതായി വന്നാൽ അയാൾ രണ്ടോ മൂന്നോ ദിവസത്തെ വഴിക്കപ്പുറത്താണ് താമസിക്കുന്നതെങ്കിലും ഉടൻ തൻെറ മുൻപാകെ ഹാജരായിക്കൊള്ളണമെന്ന് അയാളുടെ പേർക്കു കമ്പി അയയ്ക്കുകയാണ് കിച്ചനർപ്രഭുവിൻെറ പതിവ്. കമ്പി കിട്ടുമ്പോൾ തന്നെ കാര്യമെന്താണെന്നറിയാതെ അയാൾ വല്ലാതെ ഭ്രമിച്ചുവശമാകും. അയാൾ വന്നാൽ പ്രഭു എട്ടോ പത്തോ മിനിട്ടുകൊണ്ടു കാര്യം പറഞ്ഞു മനസ്സിലാക്കി മടക്കിയയയ്ക്കുകയും ചെയ്യും. ഇദ്ദേഹത്തിൻെറ ഈ സമ്പ്രദായത്തെപ്പററി പലർക്കും ആക്ഷേപമുണ്ടായിരുന്നു. എങ്കിലും പ്രഭു, തൻെറ ആ പതിവിനെ ഭേദപ്പെടുത്താറില്ല.

(തുടരും)

കോട്ടയം.

—കെ. എം. മാത്തുള്ളമാപ്പിള.

# ഗ്രന്ഥവിഹാരം.

## I

## "അമ്പു നായർ അഥവാ ഇതാണ് ലോകം."

[ഗ്രന്ഥകർത്താവ്, മൂർക്കോത്തു കുമാരൻ. കണ്ണൂർ, എഡ്വർഡ പ്രെസ്സ് — വില വ്ര-ണ.]

---

ഇപ്പോഴത്തെ വിദ്യാഭ്യാസത്താൽ 'ജ്ഞാനലവദുർവിദഗ്ദ്ധ'കളായിത്തീരുന്ന യുവതികളുടെ ചാപല്യങ്ങളെ ചൂണ്ടിക്കാണിക്കയും, ഉൽകൃഷ്ടപരീക്ഷാവിജയികളായ 'യോഗ്യ'ന്മാരുടെ നികൃഷ്ടപ്രവൃത്തികളെ വെളിപ്പെടുത്തുകയും, "സർവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തി" എന്ന അഭിയുക്തവാക്യത്തെ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഒരു സാമുദായിക കഥയാണിത്. കഥാബീജം ഇംഗ്ലീഷിൽനിന്നെടുത്തതാണെന്നു ഗ്രന്ഥകാരൻ മുഖവുരയിൽ പറഞ്ഞിട്ടുണ്ട്.

അകൃത്രിമഫലിതങ്ങളോടുകൂടി അക്ലിഷ്ടമായ ഗദ്യമെഴുതുന്നതിൽ ശ്രീമാൻ കുമാരനു സ്വതസ്സിദ്ധമായുള്ള ചാതുര്യം അദ്ദേഹത്തിന്റെ നൂതനകൃതിയായ ഈ 'അമ്പുനായരി'ലും തെളിഞ്ഞു കാണുന്നുണ്ട്. പെട്ടന്നു ലക്ഷപ്രഭുവായി 'പാടക്കരെ എജമാനനാ'യിത്തീർന്ന അമ്പുനായർക്കു, പണം പറിക്കാനായി ഒരു വായനശാലാസിക്രട്ടറിയും, ഒരു പത്രപ്രവർത്തകനും, ഓരോ അനുമോദനക്കത്തയച്ചിട്ടുള്ളതു രണ്ടും രണ്ടുതന്നെയാണ്. ഇതുകൾ ഒരേ തൂലികയിൽനിന്നു പുറപ്പെട്ടതാണെന്ന് ഒരിക്കലും തോന്നുകയില്ല. ഇത്രയും വിഭിന്നമായ ശൈലിയിൽ ഇത്രയും തന്മയത്വം വരുത്തി എഴുതുവാൻ പൂർണ്ണവാസനയുള്ളവർക്കേ സാധിക്കൂ. ഒരഞ്ചൽക്കാരന്റെ അനന്തരവനായ അമ്പുനായരുടെ ഒതുങ്ങിയ കാലക്ഷേപരീതിയും, അമ്പുനായർക്കു ഷോടതികമ്പി കിട്ടിയ പ്രഭാതസമയവും കുറഞ്ഞൊന്നു വർണ്ണിച്ചിട്ടുള്ളതും തുലോം ഹൃദയംഗമമായിരിക്കുന്നു.

'അമ്പുനായരി'ലെ കഥാവസ്തു പറയത്തക്ക ചമൽക്കാരമൊന്നുമുള്ളതല്ല. ഗ്രന്ഥകാരൻ കഥാഘടനയിൽ കണ്ണുവെച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ചില പാഠങ്ങൾ പഠിക്കാനാണത്രേ, അമ്പുനായർ അടുത്തനഗരത്തിൽ പാർപ്പാക്കിയത്! അമ്പുനായരുടെ അവസ്ഥയോ? "അദ്ദേഹം ......എല്ലാവിധം ഉപായങ്ങളും ധരിച്ചു വെച്ചിരുന്നുവെങ്കിലും, പരദ്രോഹത്തിന്നായി അവയെ ഉപയോഗിക്കാറില്ല; തനിക്കു നേരെ ഉപയോഗിപ്പാൻ ആരേയും അനുവദിക്കാറുമില്ല. താൻ ഇടപെടേണ്ടിവന്ന സർവ്വജനങ്ങളുടേയും സ്വഭാവം മനസ്സിലാക്കി, അവരെയൊക്കെ അളന്നു തൂക്കിവെച്ചിട്ടുണ്ട്. എന്നുമാത്രമല്ല, സമീപത്തുള്ള പ്രമാണികളുടേയും, അടുത്ത നഗരത്തിലെ വക്കീൽമാരുടേയും ജഡ്ജിമാരുടേയും വേറെ ഉദ്യോഗസ്ഥ(സ്ഥ)ന്മാരുടെയും സ്ഥിതി എന്താണ്, സ്വഭാവമെന്താണ്, അവർ ഏതുതരക്കാരാണ് എന്നുള്ളതൊക്കെ അമ്പുനായർ അറിയുംപോലെ മററാരും അറികയില്ല ......" ഇങ്ങിനെയുള്ള അ

മ്പൂനായർക്ക്, 'സ്വർഗ്ഗത്തിലേക്കു് അടുത്ത വഴി നാട്ടുപുറത്തുനിന്നാണെ'ന്നും, 'നഗരം നരകത്തിലേക്കു് അടുത്താണെ'ന്നും മനസ്സിലാക്കുവാൻ നഗരത്തിൽ ചെന്നു പാർക്കേണമെന്നുണ്ടോ? അതിരിക്കട്ടെ; താൻ 'പ്രതീക്ഷിച്ചതിനെക്കാൾ വലിയ'തും, 'ഒരു ലക്ഷം ഉറുപ്പിക ചിലവായാൽ' അത്ര നഷ്ടമില്ലാത്തതുമായ പാഠം പഠിച്ചു കഴിഞ്ഞപ്പോൾ (ദുരാഗ്രഹിയായ വക്കീൽ ശേഖരൻനമ്പ്യാരുടെ ചതി മനസ്സിലായപ്പോൾ) ശാന്തശീലനായ പാടക്കാരെ എജമാനൻ കോപിച്ചു പല്ലുകടിച്ചു 'പുലഭ്യം' പറഞ്ഞുതുടങ്ങിയതെന്താണ്? ദ്രോഹോപായങ്ങളെ 'തനിക്കു നേരേ ഉപയോഗിപ്പാൻ ആരേയും അനുവദിക്കാറി'ല്ലാത്ത അദ്ദേഹം അതിന്നു ശേഖരൻനമ്പ്യാരെ എങ്ങിനെ അനുവദിച്ചു? 'ഇല്ലത്തു രണ്ടുണ്ണികൾ മരിച്ചു'തും, 'കല്യാണിക്കുട്ടിക്കു ഗർഭം അലസി'യതും പത്രങ്ങൾ വരുന്നതിന്റെ ഫലമാണെന്നു വിശ്വസിക്കത്തക്കവണ്ണം വിഡ്ഢിയായ ശ്രീധരൻ നമ്പൂതിരിയുടെ മുഖത്തുനിന്നു, "വണ്ടിയും കുതിരയും മററുമായാൽ സ്വർഗ്ഗത്തിലേക്കു വേഗമെത്താമെന്നല്ലേ നാം വിചാരിച്ചത്?......" എന്നും മററുമുള്ള സാരസ്യയിഷ്ടമായ ഫലിതം പുറപ്പെടുന്നതെങ്ങിനെ? ഈവക പൂർവ്വാപരവിരുദ്ധങ്ങളായ സംഗതികളെപ്പോലും ഗ്രന്ഥകർത്താവു പരിഗണിച്ചിട്ടില്ലാത്ത സ്ഥിതിക്കു, ഷഷ്ടിപൂർത്തിയടുത്ത നായർക്കു ൧൬-വയസ്സു മാത്രം പ്രായമായ കാമാക്ഷി കാമലേഖനം എഴുതിയയയ്ക്കുന്നതിന്റെ അസ്വാഭാവികതയും; 'കള്ളി വെളിച്ചത്താ'കാതെ, അമ്പുനായരുടെ പണംകൊണ്ടു സ്വന്തം പേരിൽ ഗ

വസ്തുക്കൾ വിരുന്നുകഴിക്കാമെന്നുറച്ചു പ്രവർത്തിച്ച "സമർത്ഥനായ" ശേഖരൻനമ്പ്യാരുടെ പരമവിഡ്ഢിത്തവും മററും എടുത്തു പറഞ്ഞിട്ടാവശ്യമില്ല. വാസ്തവത്തിൽ, അങ്ങിനെയൊരു നിരൂപണത്തെ ഇപ്പുസ്തകം അർഹിക്കുന്നില്ല; ഏതവസ്ഥയിലും തോർക്കുമമായ ഒരു പ്രബന്ധമല്ല ഇത്. ഞങ്ങൾ ഇത്രയെങ്കിലും പറഞ്ഞത്, ഒരു പേരെടുത്ത എഴുത്തുകാരന്റെ കൃതിയാണല്ലോ എന്ന ഗൌരവത്താൽ മാത്രമാകുന്നു. ചുരുക്കിപ്പറയുന്നതായാൽ, 'ഇതാണ് ലോകം' എന്ന് ഈ നോവൽ വായിക്കുന്നവർക്കു തോന്നാൻ വളരെപ്രയാസമുണ്ട്.

ഭാഷാഗുണം മാത്രമേ അമ്പുനായരെ, ഉത്തമസാഹിത്യത്തിൽ ഉൾപ്പെടുത്താൻ സഹായിക്കുന്നുള്ളൂ. എന്നാൽ 'അകലം കുറഞ്ഞ മുണ്ടും, (൧൭-ാം ഭാഗം) മററും മലയാള ഭാഷയുടെ മനോജ്ഞതയ്ക്കു യോജിച്ചതല്ല. 'ആ അമ്മയെയാണ് നമ്പൂതിരിക്കു സംബന്ധം' (൭-ാം ഭാഗം) എന്നതും കേരളിക്ക് അനിഷ്ടമായിരിക്കും. അഭിപ്രായത്തിന്റെ രണ്ടാം അക്ഷരത്തിന്നു വിസർഗ്ഗംവേണമെന്ന 'അഭിഃപ്രായർ' ചില 'നാട്ടുകാര്യസ്ഥ'ന്മാർക്കേ ഉള്ളൂ എന്നു തോന്നുന്നു. 'ഉൽഘാടനന്മാർ', 'ധത്തുരന്മാർ' (൭൦-ം ഭാഗം) മുതലായവയ്ക്കു് ഒരു ടിപ്പണി ആവശ്യമാണ്.

ഏതായാലും, 'മലയാളസമുദായത്തെ ആകപ്പാടെ സംബന്ധിക്കുന്ന ഒരു ചിത്ര'മായി സങ്കല്പിച്ച് എഴുതപ്പെട്ടതായ ഈ കഥയെ മലയാളികൾ ഏറെക്കുറെ ആദരിക്കാതിരിക്കയില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. മിസ്റ്റർ കുമാരന്റെ

സമുദായസ്നേഹത്തേയും, സരസവാഗ്വിലാസത്തേയും ഞങ്ങൾ സസന്തോഷം അഭിനന്ദിക്കുന്നു. ഭാഷാപോഷണാഭിലാഷിയായ ചിറയ്ക്കൽ രാമവർമ്മ ഇളയരാജാവവർകളുടെ മർമ്മസ്പൃക്കായ അവതാരികയും, ഗ്രന്ഥകർത്താവിന്റെ ചാരുതരമായ ഛായാപടവും വൃത്തിയിൽ അച്ചടിച്ച ഈ ചെറുപുസ്തകത്തിന്ന് ഒരലങ്കാരമായിരിക്കുന്നു.

## II

## “ശ്രീമാൻ ഗോപാലകൃഷ്ണഗോഖലെ.”

[ഗ്രന്ഥകർത്താവ്, കെ. പി. കേശവമേനോൻ, ബി. എ., ബാരിസ്റ്റർ അററ് ലാ — കോഴിക്കോട — വില ൪ ണ]

---

തന്റെ ആയുഷ്കാലം മുഴുവൻ സ്വരാജ്യത്തിന്റെ ഉന്നമനത്തിന്നായി വിനിയോഗിച്ച ഒരു ശ്രേഷ്ഠപുരുഷനായിരുന്നു ശ്രീമാൻ ഗോപാലകൃഷ്ണ ഗോഖലെ. ആ മഹാരാഷ്ട്രബ്രാഹ്മണന്റെ സ്നേഹം ഒരു ജാതിയോ മതമോ ആകുന്ന പരിധിയിൽ ഒതുങ്ങി നില്ക്കാതെ ലോകത്തിലെങ്ങും ഒരു പോലെ വ്യാപിക്കത്തക്കവണ്ണം അത്ര വിശാലമായിരുന്നു. താൻ ജനിച്ചു വളർന്ന ഭവനമല്ല, ലോകം മുഴുവനുമായിരുന്നു ഗോഖലെയുടെ തറവാട്. സഹജീവികളുടെ സുഖദുഃഖങ്ങൾ തന്നെ അദ്ദേഹത്തിന്റേയും സുഖദുഃഖങ്ങൾ. പേരിന്നോ പെരുമയ്ക്കോ വേണ്ടിയല്ല ആ നയവിദഗ്ദ്ധൻ രാജ്യകാര്യങ്ങളിൽ പെരുമാറിയിരുന്നത്; ഇന്ത്യാചക്രവർത്തിതിരുമനസ്സിൽനിന്നു ലഭിക്കുമായിരുന്ന കെ. സി. ഐ. ഇ. എന്ന മഹാബിരുദത്തിന്നു പോലും അദ്ദേഹത്തെ പ്രലോഭിപ്പിക്കുവാൻ ശക്തിയുണ്ടായില്ല. സ്വാർത്ഥം എന്ന രണ്ടക്ഷരത്തിന്, ആ നിർമ്മലാത്മാവിനെ സംബന്ധിച്ചേടത്തോളം ഒരർത്ഥവുമില്ല. അദ്ദേഹം ഒരു യഥാർത്ഥകർമ്മയോഗിയായിരുന്നു. മാതൃഭൂമിയുടെ മഹിമയ്ക്കായി സത്യമായും സവിശ്വാസമായും പ്രയത്നിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വ്രതം. ഭാരതവർഷത്തിന്റെ സ്വാതന്ത്ര്യം (മോചനം) തന്നെ ആ മഹർഷിതുല്യന്റെ മോക്ഷം. ആ പുരുഷസരസ്വതിയുടെ പ്രസംഗങ്ങൾ സാധാരണപ്രസംഗങ്ങളല്ല; ഹൃദയത്തിൽ നിറഞ്ഞു വഴിഞ്ഞ രാജ്യഭക്തിയുടെ പ്രവാഹപരമ്പരകളാണ് — അഥവാ, സാക്ഷാൽ ഗീതയുടെ പെററമ്മയായ ഇന്ത്യാദേവി താൻതന്നെ പാടിയ ധർമ്മഗാഥകളാണതുകൾ. അങ്ങിനെയുള്ള പുണ്യശ്ലോകന്റെ പരിപാവനമായ ചരിത്രമാകുന്നു, ശ്രീമാൻ ഗോപാലകൃഷ്ണ ഗോഖലെ എന്ന പുസ്തകത്തിലെ പ്രമേയം. മലയാളികൾ — ദേശാഭിമാനം എന്നുവെച്ചാൽ എന്താണെന്നു തന്നെ നല്ലവണ്ണം ഗ്രഹിച്ചിട്ടില്ലാത്ത നമ്മൾ — ഒരു പുരാണം പോലെ പാരായണം ചെയ്യേണ്ടതായ ഈ ഗദ്യപ്രബന്ധത്തെ നമ്മുടെ ഭാഷയ്ക്കു പ്രദാനം ചെയ്ത മിസ്റ്റർ കേശവമേനോന്റെ ഉദ്ദേശം എത്ര ഉൽകൃഷ്ടം! എത്ര അഭിനന്ദനീയം!!

‘ബിലാത്തി വിശേഷ’കർത്താവിന്റെ ഭാഷാരീതിയെപ്പററി വിശേഷിച്ചൊന്നും പറയേണ്ടതില്ല. തനിച്ച മലയാളത്തിൽ, തികഞ്ഞ ശക്തിയോടുകൂടി വാചകമെഴുതുവാൻ മിസ്റ്റർ കേശവമേനോനു ധാരാളം

നൈപുണ്യമുണ്ട്. 1862-ാമതു കൊല്ലത്തിൽ (പുസ്തകത്തിൽ '1866-ാമതു കൊല്ലത്തിൽ' (6-ാം ഭാഗം) എന്നു കാണുന്നത് അച്ചടിത്തെററായിരിക്കണം; 62-ൽ ജനിച്ചാലല്ലേ 87-ലേയ്ക്കു 25-വയസ്സു (11-ാം ഭാഗം) ശരിയാകൂ?) ഭൂജാതനായി, 1915-ൽ ലോകരംഗത്തിൽനിന്നു മറഞ്ഞ ഗോഖലെയുടെ പ്രസംഗങ്ങൾ, പ്രവൃത്തികൾ, ആശയങ്ങൾ, ആശംസകൾ ഇവയുടെ സ്വരൂപം, ഏവക്കും രാജ്യഭക്തിയെ പ്രോജ്ജ്വലിപ്പിക്കുന്ന ഭാഷയിലാണ് മിസ്റ്റർ മേനോൻ പ്രതിപാദിച്ചിരിക്കുന്നത്. ചരിത്രനായകന്റെ ചരമഗതിയെപ്പററി ഗ്രന്ഥകാരൻ വിലപിക്കുന്നതു നോക്കുക:— "കുറെ കാലം ഭാരതഖണ്ഡത്തിൽ ഉഗ്രതേജസ്സോടുകൂടി ശോഭിച്ചുകൊണ്ടിരുന്ന മഹാ സൂര്യൻ അസ്തമിച്ചു! ഭാരതമാതാവിന്റെ ഉത്തമ സന്താനങ്ങളിൽ അഗ്രഗണ്യനായ ഒരു മാന്യ പുരുഷൻ നശിച്ചു! രാജ്യത്തിലെ വലിയ സ്വദേശസ്നേഹികളുടെ കൂട്ടത്തിലുള്ള ഒരു രത്നം നഷ്ടമായിപ്പോയി! നമ്മുടെ മാന്യ നേതാവായ ഗോപാലകൃഷ്ണഗോഖലെ അന്തരിച്ചു!" "എത്ര ഉററബന്ധുവായാലും ശ്മശാനത്തോളമല്ലേ പോകുവാൻ തരമുള്ളു! അരമണിക്കൂറിനുള്ളിൽ ഈ പുണ്യശരീരം വെണ്ണീറായി!" ഈ വക വാക്യങ്ങളിൽ പ്രത്യക്ഷരം പ്രസരിക്കുന്ന കരുണരസം അങ്ങിനെതന്നെ വായനക്കാരുടെ മനസ്സിൽ സംക്രമിച്ചു കണ്ണീരായി പുറത്തെയ്ക്കൊഴുകാതിരിക്കുന്നതാണോ?

ഇത്രയും ഹൃദയംഗമങ്ങളായ വാചകങ്ങളിൽനിന്നു, സ്തുതി എന്നൎത്ഥത്തിലുള്ള 'സ്തുത്യം', 'ഐക്യത' (ഐക്യം എന്നു മതി), 'ദീൎഘമുള്ള' (ദീൎഘത എന്നോ ദൈൎഘ്യമെന്നോ ആയാലേ നാമപദമാകൂ.), 'ക്രൂരബുദ്ധി' (ക്രൂരമയുള്ള ബുദ്ധി) മുതലായ ഏതാനും അപഭ്രഷ്ടപദങ്ങളെ തപ്പിയെടുത്തു വായനക്കാരുടെ മുമ്പിൽ സമൎപ്പിക്കുവാൻ ഞങ്ങൾക്കു ധൈൎയ്യമില്ല. "റാഡിയെപ്പോലെ മീററയേയും ഒരു ശത്രുവിന്റെ നിലയിൽ വിചാരിച്ചു വന്നിരുന്ന ഗോഖലെ" എന്നിങ്ങിനെ കൎത്തൃപദം കൊണ്ടവസാനിക്കുന്ന വാചകങ്ങളിൽ ചിലതിന്നു ഭംഗി പോരാ എന്നു തോന്നുന്നവരുണ്ടെങ്കിൽ, അവർ അങ്ങിനെ പിരുപിരുത്തുകൊള്ളട്ടെ!

ഇംഗ്ലീഷു പഠിപ്പുള്ള മലയാളികളിൽ അധികംപേരും തന്നെത്താൻ മറന്നു, യാവചിലരെപ്പോലെ ഉടക്കാനും നടക്കാനുമൊക്കെയാണോ കൌതുകപ്പെടുന്നത്; ആയൂറോപ്യന്മാരുടെ ജന്മഭൂമിയിൽ ചെന്നു പാൎക്കുന്നതിന്നുകൂടി ഭാഗ്യം സിദ്ധിച്ച ആളാണ് ശ്രീമാൻ കെ. പി. കേശവമേനോൻ. എന്നിട്ടും ഈ യുവാവിന്റെ സ്വഭാവത്തിന്നു യാതൊരു വൈകൃതവും വന്നതായി കാണുന്നില്ല. ഇദ്ദേഹത്തിന്നു സ്വരാജ്യവും സ്വഭാഷയും സ്വന്തം തന്നെയാണ്. ചുരുക്കിപ്പറയുന്നതായാൽ, ഇംഗ്ലീഷുകാരുടെ ആകൃതിയല്ലാ, പ്രകൃതിയാണ് ഈ കേരളീയൻ കണ്ടു പഠിച്ചത്! വിവേകിയും വിചാരശീലനുമായ പ്രസ്തുതഗ്രന്ഥകാരനിൽനിന്നു നാട്ടുകാൎക്കു പല നന്മകളും സിദ്ധിക്കുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. അതിന്നു ജഗദീശ്വരൻ പ്രസാദിക്കട്ടെ!

ശ്രീമാൻ ഗോഖലെയുടെ പ്രശാന്തഗംഭീരമായ ഒരു ചിത്രപടം ചേൎത്തിട്ടുള്ളത് ഈ ചെറുപുസ്തകത്തെ സവിശേഷം ദൎശനീയമാക്കിയിരിക്കുന്നു.

# സ്ത്രീകൾക്കു മാത്രം

സ്ത്രീകൾക്കു ബന്ധുലോധ്രം

[illegible] ഈ മരുന്നു സ്ത്രീകൾക്കു സാധാരണയായി ഋതുവിയാകുന്ന സമയങ്ങ[illegible] കഠിനമായ വയറുനോവ്, മുട്ടനോവ് (Menstrual Pain) മുതലായതിനെ ഇ[illegible] ക്രമമായ പക്കങ്ങളിൽ ഋതുവിയാവാതെയിരിക്കയോ (Irregular Menaes) ഋതുകാലങ്ങളിൽ അധികമൊ കുറച്ചോ ആവുകയോ (Moro or less discharge than usual) ഋതുവിയാവാതെയിരിക്കയോ (Absence or Suppression of menses) ചെയ്യുന്നതിനെ ഭേദപ്പെടുത്തും. വെള്ളപോക്ക (Lencorrhaea) സന്താനമില്ലായ്മ (Sterlity) ഇതു സംബന്ധമായ ഉപദ്രവങ്ങളേയും ശമിപ്പിക്കും. സന്താനം ഇല്ലാതെ തപിക്കുന്ന സ്ത്രീകൾ ഇതു കുറച്ചുകാലം മാത്രം സേവിച്ചാൽ അധികം താമസിയാതെ ഗർഭം ധരിപ്പാനും ഇതു സഹായിക്കും.

വലിയ കുപ്പി ൧-ക്കു ക. ൩-൦-൦ ചെറിയ ടിക ൧-൧൦-൦

[illegible] സ്ത്രീകൾ അശ്വത്ഥപ്രദിക്ഷണം, ഹനുമാൻ പ്രദക്ഷിണം, നാഗപ്രതിഷ്ഠ മുതലായവകളാൽ സന്താനമുണ്ടാകാതെ, ഒടുവിൽ ഞങ്ങളുടെ 'ലോധ്രാ' എന്ന സ[illegible] വാങ്ങി ഉപയോഗിച്ചു രത്നംപോലെയുള്ള സന്താനം ഉണ്ടായി സുഖം അനുഭവിച്ചുവരുന്നു. സേവിച്ചുനോക്കുവിൻ:

Apply to KESARI KUTEERAM
Bunder Street, MADRAS.



# ആത്മപോഷിണി

[illegible]മത്തെ വൎഷസംഖ്യ മുൻകൂർ ക ൧-൨-൦


## നിബന്ധനകൾ

[illegible] വരിക്കാൎക്കു മാസിക വി. പി. അയയ്ക്കുമ്പോൾ വിവരം ൧൫-ദിവസത്തി[illegible]യി അറിയിക്കുന്നതാണു. വി. പി. കയ്യേറ്റുന്നതിനു സമ്മതമില്ലാത്തവർ [illegible] മണി യാർഡർചെയ്യുക.

[illegible] മാസിക കിട്ടാത്തവരിക്കാൎക്കും മലയാളമാസം ൩൦-ാംനു-കളിൽ അയച്ചുകൊടുക്കുന്നതായിരിക്കും. ഏതെങ്കിലും ലക്കം കിട്ടാതെവന്നാൽ വിവരം മട്ടത്തെമാസം ൧൦-ാംനു-ക്കുള്ളിൽ അറിയിക്കേണ്ടതാണു. ഇങ്ങനെയല്ലാതുള്ള അപേക്ഷകൾ ഗൌനിക്കുന്നതല്ല.

൩. വരിക്കാർ കത്തെഴുതുമ്പോഴും മണിയോർഡർ അയക്കുമ്പോഴും മേൽവിലാസത്തോടുകൂടെ [illegible] ചേൎത്തുകിടക്കുന്ന അവരവരുടെ റജിസ്റ്റർനമ്പർ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണു.

൪. മേൽവിലാസം മാറേണ്ട ഘട്ടത്തിൽ അറിയിക്കാതിരിക്കുന്നതുനിമിത്തം വരുന്ന പിശകുകൾക്കു ഇവിടെ ഉത്തരവാദിത്വമില്ല.

ആത്മപോഷിണി മാനേജർ.

അങ്ങോട്ടും ഇങ്ങോട്ടും

# ഓടരുത്

വ്യസനരഹിതനായിരിക്കം.

ബർമ്മാൻെറ

## കർപ്പൂര ഗുളിക

വീട്ടിൽ വിഷൂചിക പിടിപെട്ടാൽ ഉടൻവേണ്ടത് ബർമ്മാൻെറ ഈ ഗുളിക കൊടുക്കുക.

കുപ്പിക്കു ൪ ണ ഒന്നുമുതൽ ൪ കുപ്പികൾവരെ തപാൽ ചിലവ് ൩ണ.



## പുഴുക്കടി

അവലക്ഷണരോഗം!

ഡാക്കടർ ബർമ്മാൻെറ പുഴുക്കടിക്കുഴമ്പു [illegible] പ്പെട്ട് എല്ലാതരം ചർമ്മരോഗങ്ങളും [illegible] രണ്ട് ഇവയും ക്ഷണത്തിൽ ഭേദമാകും [illegible] പരീക്ഷിക്കപ്പെട്ട് സമ്മതിലഭിച്ചിട്ടുള്ള ഈ ഔഷധം ഉപയോഗിക്കുന്നതിൽ ഒട്ടും സംശയം വേണ്ട. [illegible] വിഷലാഞ്ഛനയും ഇതിലില്ല. [illegible] കേടുവരികയുമില്ല. കുപ്പിക്കു ൪ണ. [illegible] കുപ്പിവരെ തപാൽ ചിലവ് ൩ണ.

**DR. S. K. BURMAN,**
5, TARACHAND DUTT'S STREET
CALCATTA

Agent
**KARTIK & CO.,**
33, South tank road, Madras

## കുട്ടികരഞ്ഞതു മതി

കരപ്പൻകൊണ്ടു ചെറിയ കുട്ടികൾ അനുഭവിക്കുന്ന സങ്കടം ചില്ലറയല്ല. [illegible] നിലവിളിക്കുകയും തന്നെ! രാവെന്നും പകലെന്നുമില്ല കഷ്ടം! മാതാപിതാക്കൾ [illegible] ചെയ്യും? ഒന്നു രണ്ടു തരം കഷായവും കൊടുത്ത് സമാധാനപ്പെടും. [illegible] നാൾ ബാലകരപ്പൻ ഒരു ശിശുവിനെ പിടിപെട്ടുവെന്നു കണ്ടാൽ ഉടനെ [illegible]

## കരപ്പൻഎണ്ണ

വാങ്ങിക്കുകയാണു. കുപ്പിക്കു വില ൧൪. അരക്കുപ്പിക്ക് ൮ ണ.

എണ്ണ കുട്ടിയെ സേവിപ്പിക്കുന്നതു നന്ന്. ദിവസംതോറും അഞ്ചാറു [illegible] ൽസമയം എപ്പോഴെങ്കിലും കൊടുക്കുക.

മാനേജർ, മനോരമാഹനം [illegible]
കുന്നംകുളം.